*HOMILY OF HIS HOLINESS POPE FRANCIS*

**“The witness of the Apostle Peter reminds us that our true refuge is trust in God”**

*Dear Brothers and Sisters!*

On this Solemnity of Saints Peter and Paul, the principal patrons of Rome, we welcome with joy and gratitude the Delegation sent by the Ecumenical Patriarch, our venerable and beloved brother Bartholomaios, and led by Metropolitan Ioannis. Let us ask the Lord that this visit too may strengthen our fraternal bonds as we journey toward that full communion between the two sister Churches which we so greatly desire.

“Now I am sure that the Lord has sent his angel and rescued me from the hand of Herod” (*Acts* 12:11). When Peter began his ministry to the Christian community of Jerusalem, great fear was still in the air because of Herod’s persecution of members of the Church. There had been the killing of James, and then the imprisonment of Peter himself, in order to placate the people. While Peter was imprisoned and in chains, he heard the voice of the angel telling him, “Get up quickly… dress yourself and put on your sandals… Put on your mantle and follow me!” (*Acts* 12:7-8). The chains fell from him and the door of the prison opened before him. Peter realized that the Lord had “rescued him from the hand of Herod”; he realized that the Lord had freed him from fear and from chains. Yes, the Lord *liberates us from every fear and from all that enslaves us*, so that we can be truly free. Today’s liturgical celebration expresses this truth well in the refrain of the Responsorial Psalm: “The Lord has freed me from all my fears”.

The problem for us, then, is fear and looking for refuge in our

pastoral responsibilities.

I wonder, dear brother bishops, are we afraid? *What are we afraid of?* And if we are afraid, *what forms of refuge do we seek*, in our pastoral life, to find security? Do we look for support from those who wield worldly power? Or do we let ourselves be deceived by the pride which seeks gratification and recognition, thinking that these will offer us security? Dear brother bishops, where do we find our security?

The witness of the Apostle Peter reminds us that *our true refuge is trust in God*. Trust in God banishes all fear and sets us free from every form of slavery and all worldly temptation. Today the Bishop of Rome and other bishops, particularly the metropolitans who have received the pallium, feel challenged by the example of Saint Peter to assess to what extent each of us puts his trust in the Lord.

Peter recovered this trust when Jesus said to him three times: “Feed my sheep” (*Jn* 21: 15,16,17). Peter thrice confessed his love for Jesus, thus making up for his threefold denial of Christ during the passion. Peter still regrets the disappointment which he caused the Lord on the night of his betrayal. Now that the Lord asks him: “Do you love me?”, Peter does not trust himself and his own strength, but instead entrusts himself to Jesus and his mercy: “Lord, you know everything; you know that I love you” (*Jn* 21:17). Precisely at this moment fear, insecurity and cowardice dissipate.

Peter experienced how God’s fidelity is always greater than our acts of infidelity, stronger than our denials. He realizes that the God’s fidelity dispels our fears and exceeds every human reckoning. Today Jesus also asks us: “Do you love me?”. He does so because he knows our fears and our struggles. Peter shows us the way: we need to trust in the Lord, who “knows everything” that is in us, not counting on our capacity to be faithful, but on his unshakable fidelity. Jesus never abandons us, for he cannot deny himself (cf.*2 Tim* 2:13). He is faithful. The fidelity which God constantly shows to us pastors, far in excess of our merits, is the source of our confidence and our peace. The Lord’s fidelity to us keeps kindled within us the desire to serve him and to serve our sisters and brothers in charity.

The love of Jesus must suffice for Peter. He must no longer yield to the temptation to curiosity, jealousy, as when, seeing John nearby, he asks Jesus: “Lord, what about this man?” (*Jn* 21:21). But Jesus, before such temptations, says to him in reply: “What is it to you? Follow me” (*Jn* 21:22). This experience of Peter is a message for us too, dear brother archbishops. Today the Lord repeats to me, to you, and to all pastors: Follow me! Waste no time in questioning or in useless chattering; do not dwell on secondary things, but look to what is essential and follow me. Follow me without regard for the difficulties. Follow me in preaching the Gospel. Follow me by the witness of a life shaped by the grace you received in baptism and holy orders. Follow me by speaking of me to those with whom you live, day after day, in your work, your conversations and among your friends. Follow me by proclaiming the Gospel to all, especially to the least among us, so that no one will fail to hear the word of life which sets us free from every fear and enables us to trust in the faithfulness of God. Follow me!

(Holy father Pope Francis’s homily during the Mass of the Feast of Saints Peter and Paul, which was celebrated at St. Peter’s Basilica on 29 June 2014)

# യുവജനദിനം 2014

**(ജൂലൈ 6)**

**കെ.സി.ബി.സി. യുവജനകമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ**

*'ആത്മാവിൽ ദരിദ്രർ ഭാഗ്യവാന്മാർ; സ്വർഗരാജ്യം അവരുടേതാണ്'*
*(മത്താ 5:3)*

കർത്താവിൽ വാത്സല്യമുള്ള യുവജനങ്ങളേ, സഹോദരീസഹോദരന്മാരേ,

യുവജനങ്ങളെ ഏറെ സ്നേഹിച്ച, ആധുനികയുഗത്തിലെ തിരുസ്സഭയുടെ രണ്ട് അമൂല്യനിധികളാണ് വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പായും വിശുദ്ധ ജോൺ ഇരുപത്തിമൂന്നാമൻ മാർപാപ്പായും. ലോകയുവ ജനദിനാഘോഷങ്ങളുടെ സ്വർഗീയമധ്യസ്ഥനായ ജോൺ പോൾ രണ്ടാമൻ മാർപാപ്പാ 2014 ഏപ്രിൽ മാസം 27-ാംതീയതി വിശുദ്ധരുടെ ഗണത്തിലേക്ക് ഉയർത്തപ്പെട്ടു. യുവജനങ്ങളെക്കുറിച്ചുള്ള സഭയുടെയും സമൂഹത്തിന്റെയും കാഴ്ചപ്പാടുകൾക്ക് സുപ്രധാനമായ മാറ്റങ്ങൾ കുറിച്ച രണ്ടാം വത്തിക്കാൻ കൗൺസിലിന് ആരംഭം കുറിച്ച ജോൺ ഇരുപത്തിമൂന്നാമൻ മാർപാപ്പായും ഇതേ ദിവസം തന്നെയാണ് വിശുദ്ധരുടെ ഗണത്തിലേക്ക് ചേർക്കപ്പെട്ടത്. ഇരുപതാംനൂറ്റാണ്ടിന്റെ ചരിത്രത്തിൽ തിരുസഭയുടെ നിർണായകമായ സാന്നിദ്ധ്യമായി മാറിയ രണ്ട് പുണ്യജന്മങ്ങളാണ് വിശുദ്ധരായ ജോൺ പോൾ രണ്ടാമൻ മാർപാപ്പായും ജോൺ ഇരുപത്തിമൂന്നാമൻ മാർപാപ്പായും. ഒരു ലോകയുവജന ദിനം കൂടി കടന്നുവരുമ്പോൾ ലോകത്തിലെ എല്ലാ ഭൂഖണ്ഡങ്ങളിലുമുള്ള യുവതലമുറയെ ഈ രണ്ട് വിശുദ്ധരുടെയും മധ്യസ്ഥതയിൽ സമർപ്പിക്കാം.

**29-ാം ലോകയുവജനദിനം**

യുവജനങ്ങളുടെ വിശ്വാസജീവിതത്തിന്റെ ആഘോഷമാണ് ലോകയുവജനദിന സമ്മേളനങ്ങൾ. ലോകമെമ്പാടുമുള്ള യുവജനങ്ങളെ ദൈവം സ്നേഹിക്കുന്നതിന്റെയും തിരുസ്സഭ അവരെ അംഗീകരിക്കുന്നതിന്റെയും അടയാളമാണ് യുവജനസമ്മേളനങ്ങൾ. ഇരുപത്തിയെട്ടാം ലോകയുവജനദിനാ ഘോഷങ്ങൾ നടന്നത് രണ്ടായിരത്തി പതിമൂന്നിൽ ബ്രസിലിലെ റിയോ ഡെ ജനൈറോ (Rio de Jeneiro) യിൽ വച്ചായിരുന്നു. ലോകത്തിന്റെ നാനാഭാഗത്തുനിന്നും അവിടെ സമ്മേളിച്ച യുവജനങ്ങളുടെ വിശ്വാസതീക്ഷ്ണത സഭയ്ക്കും സമൂഹത്തിനും പുതിയ പ്രതീക്ഷകൾ നല്കുന്നുണ്ട്. അടുത്ത യുവജനസംഗമത്തിന് വേദി ഒരുങ്ങുന്നത് പോളണ്ടിലാണ്. രണ്ടായിരത്തി പതിനാറിൽ പോളണ്ടിലെ ക്രാക്കോവിൽ നടക്കുന്ന ലോകയുവജനവിശ്വാസസംഗമം തിരുസ്സഭയുടെ ചരിത്രത്തിലെ മറ്റൊരു നാഴികക്കല്ലായിരിക്കും.

ഈ വർഷം ആഘോഷിക്കുന്ന ഇരുപത്തിഒൻപതാം ലോകയുവജനദിനം പ്രാദേശിക തലങ്ങളിലാണ് ആഘോഷിക്കപ്പെടുന്നത്. ഈ വർഷത്തെ ലോകയുവജനദിനസന്ദേശത്തിൽ തിരുസ്സഭയുടെ തലവനായ ഫ്രാൻസിസ് മാർപാപ്പാ പങ്കുവയ്ക്കുന്ന തിരുവചനഭാഗം, വിശുദ്ധ മത്തായി എഴുതിയ സുവിശേഷം അഞ്ചാം അധ്യായം മൂന്നാം വാക്യമാണ്. "ആത്മാവിൽ ദരിദ്രർ ഭാഗ്യവാന്മാർ; സ്വർഗരാജ്യം അവരുടേതാണ്". സുവിശേഷസൗഭാഗ്യങ്ങളുടെ പരിവർത്തനശക്തിക്ക്, യുവജനങ്ങളിലൂടെ എപ്രകാരം സഭയിലും സമൂഹത്തിലും മാറ്റങ്ങൾ സൃഷ്ടിക്കാൻ സാധിക്കുമെന്ന് പരിശുദ്ധ പിതാവ് തന്റെ സന്ദേശത്തിലൂടെ വ്യക്തമാക്കുന്നു. പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പായുടെ പ്രഥമ യുവജനദിനസന്ദേശമാണ് ഇരുപത്തി ഒൻപതാം ലോകയുവജനദിനസമ്മാനമായി തിരുസ്സഭ നല്കുന്നത്.

**ദൈവരാജ്യം യുവജനങ്ങളുടെ സമ്പത്ത്**

ആത്മാവിൽ ദരിദ്രരായി മാറിയ തന്റെ ശിഷ്യർക്ക് ദൈവം കൊടുക്കുന്ന സമ്മാനമാണ് സ്വർഗരാജ്യമെന്ന് യേശുവിന്റെ ഗിരിപ്രഭാഷണത്തിലെ പ്രഥമവാക്യം പഠിപ്പിക്കുന്നു. പൂർണതയും സ്വർഗരാജ്യവും ആർക്കുവേണ്ടി മാറ്റിവയ്ക്കപ്പെട്ടിരിക്കുന്നുവെന്നും അതിന്റെ വ്യവസ്ഥ എന്താണെന്നും ഈ സുവിശേഷ ഭാഗത്ത് ദർശിക്കാനാവും. ഇപ്രകാരം ശിഷ്യർ നേടിയെടുക്കുന്ന സമ്മാനം യേശുനാഥനെ പിൻതുടരുന്ന വ്യക്തികളുടെ സൗഭാഗ്യമാണ്. അങ്ങനെയെങ്കിൽ സ്വർഗരാജ്യമെന്ന വലിയ സമ്പത്തിന്റെ ഉടമയായ, ആത്മവിൽ ദിരദ്രരായ ഭാഗ്യവാന്മാരും ഭാഗ്യവതികളും, 'സമ്പന്നരായ' യുവജനങ്ങളാണ്.

യുവത്വത്തിന്റെ ശക്തിയും ഓജസ്സും ജീവിതമൂല്യങ്ങളും ഭാവിയെക്കുറിച്ച് സ്വപ്നം കാണാനുള്ള വിശാലമായ മനസ്സും നല്കിയേക്കാവുന്ന സുരക്ഷയുടെ കവചങ്ങളിൽ നിന്നും അഹന്തയുടെ കൂടാരങ്ങളിൽ നിന്നും പുറത്തുവന്ന്, ദരിദ്രഭാവം ഉൾക്കൊണ്ടുകൊണ്ട്, വേദനിക്കുന്നവരുടെയും അടിച്ചമർത്തപ്പെട്ടവരുടെയും ശബ്ദമായി മാറിയ യുവാവായ യേശുനാഥന്റെ കർമ്മപഥങ്ങളിലേക്കിറങ്ങി വരാനുള്ള ദൈവവിളിയാണ്, തന്റെ പ്രഥമ യുവജനദിനസന്ദേശത്തിലൂടെ മാർപാപ്പാ യുവജനങ്ങളെ ഓർമ്മിപ്പിക്കുന്നത്. രണ്ടായിരത്തി പതിമൂന്നിലെ ലോകയുവജനദിനാഘോഷങ്ങളുടെ ആപ്തവാക്യമായിരുന്ന "നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ" (മത്താ 28:19) എന്ന തിരുവചനവും ആത്മാവിൽ ദരിദ്രരാകാൻ ആഹ്വാനം ചെയ്യുന്ന പ്രഥമ സുവിശേഷഭാഗ്യവും അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്ന ദൈവിക സന്ദേശങ്ങളാണ്.

**സുവിശേഷത്തിന്റെ സന്തോഷം**

ദൈവരാജ്യം പ്രസംഗിക്കാനും ശിഷ്യപ്പെടുത്താനുമുള്ള ദൗത്യനിർവഹണത്തിന് ആവശ്യമായ ഒരു പ്രധാനപ്പെട്ട നിബന്ധനയാണ് ആത്മാവിൽ ദരിദ്രരായി മാറുകയെന്നത്. ഈ പരിവർത്തനത്തിന്റെ ഫലമായ സൗഭാഗ്യമാണ്, യുവശിഷ്യന്റെ സന്തോഷം. യുവജനങ്ങൾ ഏർപ്പെടുന്ന എല്ലാ സുവിശേഷ പ്രവർത്തനങ്ങളുടെയും വിജയവും വളർച്ചയും അടിസ്ഥാനമുറപ്പിച്ചിരിക്കുന്നത് അവർ സ്വന്തമാക്കുന്ന ഈ സന്തോഷമാണ്. ഫ്രാൻസിസ് മാർപാപ്പാ തന്റെ പ്രഥമ അപ്പസ്തോലികപ്രബോധനമായ "സുവിശേഷത്തിന്റെ സന്തോഷത്തിൽ" *(Evangelii Gaudium)*

പങ്കുവയ്ക്കുന്നത് ഈ സന്തോഷത്തിന്റെ അനന്തസാധ്യതകളാണ്. ആ രേഖ യുവജനങ്ങൾ വായിക്കുകയും ധ്യാനിക്കുകയും ചെയ്യുന്നത് തങ്ങളുടെ ദൗത്യനിർവഹണം കാര്യക്ഷമമാക്കാൻ സഹായിക്കും.

ആത്മാവിൽ ദരിദ്രരായി നേടിയെടുക്കുന്ന അദൃശ്യമായ സമ്പത്തിന്റെ ദൃശ്യമായ അടയാളങ്ങളായി മാറുന്ന സുവിശേഷത്തിന്റെ സന്തോഷത്തിന്റെ പ്രഘോഷകരാകാനാണ്, ദൈവം ഓരോ നിമിഷവും താൻ ഏറ്റവും സ്നേഹിക്കുന്ന യുവജനങ്ങളെ വിളിക്കുന്നത്. ഈ ദൗത്യത്തിൽ പങ്കുകാരാകുന്ന യുവജനങ്ങളോട് പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പാ, ദാരിദ്ര്യത്തെയും ദരിദ്രനെയും സംബന്ധിക്കുന്ന മൂന്ന് നിർദ്ദേശങ്ങൾ നല്കുന്നുണ്ട്. (1) ദരിദ്രരെ സ്നേഹിക്കാൻ പഠിക്കുക (2) ദരിദ്രഭാവം സ്വന്തമാക്കുക (3) ദരിദ്രരിൽ നിന്നും പഠിക്കുക.

**പ്രതീക്ഷ നല്കുന്ന യുവജനം ...കരുതലോടെ മുന്നേറാം...**

കേരളത്തിലെ കത്തോലിക്കാ യുവജനങ്ങൾ സഭയ്ക്കും സമൂഹ ത്തിനും നല്കുന്ന നിസ്വാർത്ഥസേവനത്തെ ഈ ദിനം അഭിമാനത്തോടെ അനുസ്മരിക്കാം. സമൂഹത്തിന്റെ വളർച്ചയ്ക്കും തിരുസഭയുടെ ദൈവ രാജ്യപ്രഘോഷണമേഖലകളിലും അനേകം യുവജനങ്ങൾ തങ്ങളുടെ സമ്പത്തായ സമയവും ആരോഗ്യവും പണവും വ്യയം ചെയ്യുന്നുണ്ട്. തിരു സഭയെയും വിശ്വാസസത്യങ്ങളെയും തകർക്കാൻ വെമ്പൽകൊള്ളുന്ന എല്ലാ പ്രവർത്തനങ്ങൾക്കുമെതിരെ പടവാളെടുക്കേണ്ടത് വിശ്വാസത്തിന്റെ കാവൽക്കാരായ യുവജനങ്ങളാണ്. സമാധാനവും നീതിയും സമത്വവും സമൂഹത്തിൽ ഊട്ടിയുറപ്പിക്കുന്ന ചാലകശക്തികളായി ഓരോ യുവാവും യുവതിയും മാറണം. രാജ്യത്തിന്റെ അഖണ്ഡതയും സുരക്ഷയും തകർക്കുന്ന എല്ലാം വിധ്വംശക പ്രവർത്തനങ്ങളെയും എതിർക്കുന്ന രാജ്യസ്നേഹികളാവണം ഈ നാടിന്റെ യുവശബ്ദം.

തിന്മയ്ക്കെതിരെയുള്ള പോരാട്ടത്തിൽ തിരുസഭയുടെ ശബ്ദമായി സമൂഹത്തിൽ എന്നും കർമ്മനിരതരാകേണ്ടത് ക്രൈസ്തവയുവതയാണ്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ വർധിച്ചുവരുന്ന അതിക്രമങ്ങൾക്കെ തിരെയും മദ്യത്തിനും മയക്കുമരുന്നിനുമെതിരെയുള്ള പോരാട്ടത്തിലും യുവജനങ്ങളാണ് മുന്നിട്ടിറങ്ങേണ്ടത്. യുവജനങ്ങളെ തെറ്റായി സ്വാധീനി ക്കുന്ന തിന്മയുടെ ശക്തികൾ എക്കാലത്തും സമൂഹത്തിന്റെ ശാപമാണ്. തെറ്റായ മൂല്യങ്ങളെ പ്രലോഭനാത്മകമായി അവതരിപ്പിക്കുന്ന മാധ്യമ സംസ്കാരം യുവജനം തിരിച്ചറിയണം. മാധ്യമവളർച്ചയിലൂടെ ലോകം നേടിക്കൊണ്ടിരിക്കുന്ന അറിവിന്റെ വിസ്ഫോടനത്തെ ഇവിടെ നാം തള്ളിക്കളയുന്നില്ല. രാഷ്ട്രീയ സാമൂഹിക തലങ്ങളിലെ തെറ്റായ കീഴ്‌വഴ ക്കങ്ങളും അധികാരകേന്ദ്രീകരണവും പണത്തിന്റെയും രാഷ്ട്രീയത്തി ന്റെയും മറവിൽ വരുന്ന അക്രമവും ദാരിദ്രവും അസമത്വവും മാറ്റിയെഴു തുവാൻ തക്ക ലക്ഷ്യബോധമുള്ളവരാകണം യുവജനങ്ങൾ.

നന്മയുടെ മൂല്യങ്ങൾ പകർന്നു കൊടുക്കുന്നതിനും സംസ്കാരത്തെ വളർത്തുന്നതിനും ഉതകുന്ന വളക്കൂറുള്ള മണ്ണാണ് കലാലയങ്ങൾ. യുവജനങ്ങളിൽ ഏറിയ പങ്കും പഠനവുമായി ബന്ധപ്പെട്ട് കലാലയങ്ങളിൽ ആയിരിക്കുമ്പോൾ മൂല്യബോധമുള്ള ക്രൈസ്തവ യുവജനങ്ങളുടെ സാന്നിധ്യം ഓരോ കലാലയത്തെയും സമ്പന്നമാക്കണം. ഒരു പുതിയ സംസ്കാരത്തിന്റെ പ്രവാചകരാകണം കാമ്പസിലെ ക്രൈസ്തവ യുവജനങ്ങൾ.

ആധുനിക ലോകത്തിൽ കുടുംബം നേരിടുന്ന വെല്ലുവിളികളെ കുറിച്ച് ആഴത്തിൽ പഠിക്കുന്നതിനും അവയെ അതിജീവിക്കാനുള്ള കർമപദ്ധതികൾ തയ്യാറാക്കാനുമായി തിരുസഭ ഈ കാലയളവിൽ ഒരു സാധാരണ സിനഡും ഒരസാധാരണ സിനഡും വിളിച്ചുകൂട്ടുകയാണ്. ഈ അവസരത്തിൽ ക്രൈസ്തവയുവതയും കുടുംബഭദ്രതയും എന്ന പഠനവിഷയം യുവജനങ്ങൾക്കായി കെസിബിസി യൂത്ത് കമ്മീഷൻ സമർപ്പിക്കുന്നു. 'കുടുംബമേ നീ എന്താണോ അതായിത്തീരുക' എന്ന് കുടുംബങ്ങളുടെ മാർപാപ്പായായ വിശുദ്ധ ജോൺ പോൾ രണ്ടാമൻ നമ്മെ ഓർമ്മിപ്പിക്കുന്നു. തകർച്ചയിലേക്ക് നീങ്ങുന്ന കുടുംബങ്ങളെയും സമൂഹത്തെയും സുസ്ഥിരപ്പെടുത്താൻ യുവജനങ്ങൾ തയ്യാറാകണം. അത് സഭയുടെയും സമൂഹത്തിന്റെയും ആവശ്യമാണ്.

കുടുംബങ്ങളെക്കുറിച്ച് ഇന്നത്തെ യുവജനങ്ങൾക്ക് വ്യക്തമായ ഒരു കാഴ്ചപ്പാടുണ്ടാകണം. വിവാഹജീവിതത്തെയും കുടുംബഭദ്രതയെയും ബാധിക്കുന്ന ആധുനിക വെല്ലുവിളികളെ അതിജീവിക്കുവൻ യുവജനങ്ങൾ തങ്ങളെത്തന്നെ സജ്ജരാക്കേണ്ടതുണ്ട്. വിവാഹമോചനവും വർധിച്ചു വരുന്ന മദ്യസംസ്കാരവും മയക്കുമരുന്നുപയോഗവും മാധ്യമങ്ങളുടെ ക്രമാതീതമായ കടന്നുകയറ്റവും ഏറെ കരുതലോടെ നേരിടേണ്ട വെല്ലുവിളികളാണ്. നാഗരിക സംസ്കാരവും പ്രഘഷണലിസവും വർധിച്ചു വരുമ്പോൾ പരസ്പരബന്ധവും വിട്ടുവീഴ്ചകളും കൂടുതൽ ശ്രദ്ധിക്കേ ണ്ടതായിട്ടുണ്ട്. അതുപോലെതന്നെ കുടുംബജീവിതത്തിൽ വളരെ പ്രധാനപ്പെട്ടതാണ് ദൈവവിശ്വാസവും പ്രാർത്ഥനാചൈതന്യവും. കൂടുതൽ കുഞ്ഞുങ്ങളും ജീവന്റെ സംരക്ഷണവും ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. ദൈവം ആഗ്രഹിക്കുന്ന ഈ നന്മകളിലൂടെ ഒരു നവീനസംസ്കാരത്തെ കെട്ടിപ്പടുക്കുവാനുള്ള കടമ ഓരോ യുവാവിനും യുവതിക്കുമുണ്ട്.

**ഉപസംഹാരം**

കഴിഞ്ഞ കാലഘട്ടങ്ങളിൽ മാതൃരാജ്യത്തിന്റെ വളർച്ചയ്ക്കും ദൈവരാജ്യപ്രഘോഷണത്തിനും കേരളത്തിലെ കത്തോലിക്കാ യുവജന ങ്ങൾ ചെയ്തിട്ടുള്ള എല്ലാ മുന്നേറ്റങ്ങളെയും കേരളസമൂഹവും കേരള കത്തോലിക്കാ മെത്രാൻ സമിതിയും നന്ദിയോടുകൂടി സ്മരിച്ചുകൊണ്ട് തങ്ങളുടെ ക്രൈസ്തവസാന്നിധ്യം കൂടുതൽ വിശ്വസ്തതയോടെ തുടർന്നുകൊണ്ടുപോകുവാൻ സ്നേഹപൂർവം ആഹ്വാനം ചെയ്യുന്നു. യുവജനങ്ങൾക്കുവേണ്ടി യുവജനങ്ങളോടൊപ്പം പ്രവർത്തിക്കുന്ന എല്ലാ അഭിവന്ദ്യപിതാക്കന്മാരെയും അതിരൂപത, രൂപത, ഫൊറോന, ഇടവക തലങ്ങളിൽ സേവനം ചെയ്യുന്ന ഡയറക്ടറച്ചന്മാരെയും ബഹുമാനപ്പെട്ട സിസ്റ്റേഴ്സിനെയും, യുവജനനേതാക്കന്മാരെയും നന്ദിയോടുകൂടി ഓർക്കുകയും അവരുടെ നിസ്വാർത്ഥസേവനങ്ങൾക്ക് ദൈവാനുഗ്രഹം

നേരുകയും ചെയ്യുന്നു. ആധ്യാത്മികതയിലും ബൗദ്ധിക വളർച്ചയിലും സാമൂഹികസാംസ്കാരിക മുന്നേറ്റങ്ങളിലും നിലംതികഞ്ഞ മാതൃകാ യുവജനങ്ങളെ ഇന്ന് ലോകത്തിനാവശ്യമുണ്ട്. എല്ലാറ്റിന്റെയും സ്രഷ്ടാവും അധിപനുമായിരിക്കെ ദരിദ്രനായി ജനിച്ച് വേദനിക്കുന്നവന്റെ രക്ഷയായും പ്രതീകമായും സ്വർഗീയപിതാവിന്റെ ഇഷ്ടത്തിനായി സ്വജീവിതം ബലി നല്കിയ യുവാവായ യേശുനാഥന്റെ മാതൃക പിൻചെല്ലാൻ, വിശുദ്ധ ഫ്രാൻസിസ് അസീസിയുടെ ജീവിതമാതൃകയെ അനുസ്മരിച്ചുകൊണ്ട്, പരിശുദ്ധ പിതാവ് യുവജനങ്ങളെ ആഹ്വാനം ചെയ്യുന്നു. യുവജനങ്ങളിലുണ്ടാകേണ്ട ഒരു പരിവർത്തനത്തിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. ശിഷ്യത്വം ആവശ്യപ്പെടുന്ന ഈ ത്യാഗം, ആധുനിക യുഗത്തിന്റെ എല്ലാ തിന്മകളിൽ നിന്നും അകന്നു നിന്നുകൊണ്ട്, പാവപ്പെട്ടവനോടും തിരസ്കരിക്കപ്പെട്ടവനോടും അടിച്ചമർത്തപ്പെട്ടവനോടും പക്ഷം ചേരുന്ന യുവാവായ യേശുനാഥന്റെ ജീവനിൽ പങ്കുചേരാനുള്ള ക്ഷണമാണ്.

**ബിഷപ്പ് മാർ ജോസഫ് പണ്ടാരശ്ശേരിൽ**
ചെയർമാൻ, കെ.സി.ബി.സി. യുവജനകമ്മീഷൻ

**ബിഷപ്പ് വിൻസെന്റ് സാമുവൽ**
വൈസ് ചെയർമാൻ, കെ.സി.ബി.സി. യുവജനകമ്മീഷൻ

**ബിഷപ്പ് തോമസ് മാർ അന്തോണിയോസ്**
വൈസ് ചെയർമാൻ, കെ.സി.ബി.സി. യുവജനകമ്മീഷൻ

പി.ഒ.സി.
കൊച്ചി - 682 025

# കൃഷി ചെയ്ത് വളർത്തി എടുത്തു ഭക്ഷിക്കുക; ഇറക്കുമതി ചെയ്തു ഭക്ഷിക്കാതിരിക്കുക

**ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ട്**

2014 അന്തർദ്ദേശീയ കുടുംബകൃഷി (Family Farming) വർഷമാണ്. ഒരു രാജ്യത്തിന്റെ സാംസ്കാരികമഹിമയുടെയും സാമ്പത്തികഭദ്രതയുടെയും പ്രധാന ഘടകം ചെറുകിടകൃഷിയാണ്; പ്രത്യേകിച്ചു കുടുംബകൃഷി. ഇന്ത്യയുടെ പ്രത്യേകമായ പശ്ചാത്തലത്തിൽ ചെറുകിടകൃഷി മൊത്ത കൃഷിയുടെ 80 ശതമാനം വരും. ആകെയുള്ള കാർഷികവരുമാനത്തിന്റെ 60 ശതമാനവും. അതായത്, രാജ്യത്തിന്റെ ആകമാനപുരോഗതിയുടെ സിരാകേന്ദ്രമാണ് ചെറുകിട കൃഷി അല്ലെങ്കിൽ കുടുംബകൃഷി. കർഷകരും കാർഷികോത്പന്നങ്ങളും ഇല്ലാത്ത ഒരു നാടിനെക്കുറിച്ച് നമുക്ക് ചിന്തിക്കാനാവില്ല. പച്ചക്കറിത്തോട്ടം ക്രമീകരിക്കുന്നതുൾപ്പെടെ കുടുംബകൃഷി വളരെ പ്രധാനപ്പെട്ട ഒന്നാണ്. കാർഷികമേഖലയ്ക്ക് എല്ലാ തലങ്ങളിലും നിന്ന് മങ്ങലേറ്റിട്ടുണ്ട്. കർഷകരെയും കൃഷിയിടങ്ങളെയും ഭക്ഷ്യകൃഷി വിഭവങ്ങളെയും നാണ്യവിളകളെയും നാം കൂടുതൽ സ്നേഹിക്കണം. അതുവഴി മാതൃകാ യോഗ്യമായ കുടുംബാന്തരീക്ഷവും ആരോഗ്യസംരക്ഷണവും ഉറപ്പുവരുത്താൻ കഴിയും. കുടുംബകൃഷിയിലൂടെ ഭക്ഷ്യസുരക്ഷയും ദാരിദ്ര്യനിർമ്മാർജ്ജനവും അദ്ധ്വാനശീലവും ഉറപ്പുവരുത്താൻ സാധിക്കും. ദൈവവിചാരവും കുറെയെല്ലാം മനസ്സമാധാനവുമുള്ള കൂട്ടരാണ് കൃഷിക്കാർ.

സ്വന്തമായ കൃഷിയിടങ്ങളിൽ അദ്ധ്വാനിച്ച് ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിലേക്ക് ലോകമാകമാനം തിരിഞ്ഞുകൊണ്ടിരിക്കുന്ന സമയമാണിത്. ഓരോ കുടുംബത്തിലെയും എല്ലാ അംഗങ്ങളും കൃഷിക്കാരാവണം. നമുക്ക് സ്വന്തമായി ലഭിച്ചിരിക്കുന്ന സ്ഥലം തരിശുഭൂമിയാക്കി കളയരുത്. പണിക്കൂലി വഴിയുള്ള ചെലവുകൾ കുറയ്ക്കാനും നല്ല ഭക്ഷ്യവിഭവങ്ങൾ ഉത്പാദിപ്പിക്കാനും കുടുംബാംഗങ്ങൾ എല്ലാവരുംതമ്മിൽ കൂടുതൽ ആഴമായ സ്നേഹബന്ധം പുലർത്താനുമുള്ള ഏറ്റവും നല്ല മാർഗ്ഗമാണ് കുടുംബകൃഷി. ഓരോ പ്രദേശത്തിനും അതിന്റേതായ ഭക്ഷ്യവിഭവപ്രത്യേകതകൾ ഉണ്ട്. അതുംകൂടി പരിഗണനയിലെടുക്കുമ്പോൾ കുടുംബകൃഷി സമ്പന്നമായ ഒരു ഗാർഹികപ്രസ്ഥാനമാണ്.

അദ്ധ്വാനിച്ച് കൃഷി ചെയ്ത് ഭക്ഷിക്കാനും ജീവിക്കാനും പഠിക്കണം എന്ന സന്ദേശമാണ് കുടുംബകൃഷി നല്കുന്നത്. ഏറ്റവും വലിയ സ്വാശ്രയപ്രസ്ഥാനം ഇതാണ്. അന്തർദ്ദേശീയകുടുംബകൃഷി വർഷത്തിന്റെ മുഖ്യലക്ഷ്യം കർഷകരെയും കാർഷികവൃത്തിയെയും പരിസ്ഥിതിസംരക്ഷണത്തെയും മുഖ്യധാരയിലേക്ക് കൊണ്ടുവരിക എന്നതത്രേ. ലോകഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതും ചെറുകിട കർഷകരാണ്. കുടുംബകൃഷി കുടുംബാംഗങ്ങളെ ആശ്രയിച്ചാണിരിക്കുന്നത്. വീട്ടുകാർ ഒരുമിച്ചുകൂടി വീടിന് ആവശ്യമുള്ളതെല്ലാം നട്ടുവളർത്തണം. നെല്ല്, കപ്പ, ചേന, വാഴ, കാച്ചിൽ, ചേമ്പ്, കിഴങ്ങ്, പയർവർഗ്ഗങ്ങൾ തുടങ്ങിയവമൂലം സമ്പന്നമായ പ്രദേശമായിരുന്നു നമ്മുടേത്. നഷ്ടപ്പെട്ടുപോയ കാർഷികസമ്പന്നതയും സൗന്ദര്യവും നമുക്ക് തിരിച്ചുപിടിക്കണം. ധാന്യകൃഷിക്ക് പ്രാധാന്യം കൊടുക്കുന്നതു പോലെ തന്നെ നാണ്യവിളകളുടെ കാര്യവും (തെങ്ങ്, റബർ, തേയില, കുരുമുളക്, ഏലം, കശുവണ്ടി, കൊക്കോ) ശ്രദ്ധിക്കണം.

ചെറുകിടകൃഷി അല്ലെങ്കിൽ കുടുംബകൃഷി പ്രോത്സാഹിപ്പിക്കുന്നതിലും പരിരക്ഷിക്കുന്നതിലും പാലാ രൂപതയ്ക്ക് പ്രത്യേകമായ ഉത്തരവാദിത്വം കൂടിയുണ്ട്. ഇത്രയും കർഷകർ ഒരുമിച്ചുതാമസിക്കുന്ന മറ്റൊരു പ്രദേശവും കാണുകയില്ല. ഈ പ്രദേശത്തുള്ള എല്ലാവരുംതന്നെ കർഷകരാണ്. ഏതാനും മാസങ്ങൾക്കുമുമ്പ് നമ്മൾ നടത്തിയ കാർഷികമേള ഒരു പുത്തൻ ഉണർവ്വിന് കാരണമായിട്ടുണ്ട്. രൂപതയിലെ ഇൻഫാം പ്രവർത്തനങ്ങളും വളരെ ശക്തിപ്പെട്ടുവരികയാണ്. ഭൂമിയിലുള്ള അദ്ധ്വാനമാണ് ആരോഗ്യസംരക്ഷണത്തിനും ഏറ്റവും ഉചിതമായ മാർഗ്ഗം.

കൃഷി ചെയ്ത് വളർത്തി എടുത്തു ഭക്ഷിക്കുക; ഇറക്കുമതി ചെയ്തു ഭക്ഷിക്കാതിരിക്കുക (grow and eat; not import and eat) എന്നതായിരിക്കണം നമ്മുടെ ആദർശം. കാർഷികമേഖലയുടെ മഹത്ത്വം നഷ്ടപ്പെടാതിരിക്ക

ണമെങ്കിൽ എല്ലാവരും കൂടുതൽ അദ്ധ്വാനിക്കണം. സാമ്പത്തികലാഭം നോക്കി ആയിരിക്കരുത് കുടുംബകൃഷി നടത്തുന്നത്. കുടുംബകൃഷിയിൽ ജൈവകൃഷിസമ്പ്രദായം (organic farming) എല്ലാവരും സ്വീകരിക്കണം. സ്ഥായീഭാവമുള്ള കൃഷിസമ്പ്രദായം (sustainable cultivation) ഇതത്രേ. ജൈവകൃഷിയിലൂടെ മാത്രമേ ഭക്ഷ്യോത്പന്നങ്ങളുടെ വൈവിധ്യം നിലനിർത്താനാവൂ. മാലിന്യമില്ലാത്തതും രുചികരവുമായ ഭക്ഷ്യവിഭവങ്ങൾ ജൈവകൃഷിക്കാരിൽ നിന്നു മാത്രമേ ലഭിക്കൂ.

ഓരോരുത്തരുടെയും കൃഷിസ്ഥലങ്ങൾ പച്ചക്കറിത്തോട്ടവും വിവിധങ്ങളായ ഭക്ഷ്യോത്പന്നങ്ങളും കൊണ്ട് നിറയണം. കൃഷിയിടങ്ങൾ സജീവമായ പ്രദേശങ്ങളാവണം (active farmland). ഭാരതത്തിൽ ഭക്ഷ്യദൗർലഭ്യം (ദാരിദ്ര്യം) മൂലവും ഭക്ഷ്യവിഷാംശംവഴിയും അനേകർ മരിക്കുന്നുണ്ട്. അതുപോലെതന്നെ അദ്ധ്വാനത്തിന്റെ കുറവുമൂലം പ്രത്യേകിച്ചു മണ്ണിനോടു ബന്ധമില്ലാത്തതുമൂലം രോഗികളുടെ എണ്ണവും താരതമ്യേന കൂടിവരുകയാണ്. ഇതിനെല്ലാമുള്ള പരിഹാരമാർഗ്ഗമാണ് നമ്മുടെ കൃഷിയിടങ്ങൾ ജൈവകൃഷിസമ്പ്രദായം വഴി ജീവനുള്ളതാക്കിത്തീർക്കുക എന്നത്. നമ്മുടെ പറമ്പിൽനിന്ന് കിട്ടുന്ന ഭക്ഷ്യോത്പന്നങ്ങൾ പാകം ചെയ്ത് കഴിക്കുന്ന ഒരു ഭക്ഷണശൈലിക്രമത്തിലേക്കു നാം തിരിച്ചുവരേണ്ടതുണ്ട്. ബേക്കറി ഭക്ഷണങ്ങളുടെ ഉപയോഗം നിയന്ത്രിക്കണം. കുടുംബകൃഷിക്ക് സാമൂഹികവും സാമ്പത്തികവും സാംസ്കാരികവും പരിസ്ഥിതിപരവും ആത്മീയവുമായ മൂല്യങ്ങളുണ്ട് എന്നും നാം തിരിച്ചറിയണം. പ്രകൃതിയെ ഉപദ്രവിക്കാതെയുള്ള കൃഷിരീതികളാണ് കുടുംബകൃഷി അഥവാ ജൈവവളം ഉപയോഗിച്ചുള്ള ചെറുകിട കൃഷിരീതികൾ. ചെറുകിടകൃഷിയാണ് രാജ്യത്തിന്റെ അടിസ്ഥാനം.

കർഷകനാണ് രാജ്യത്തെ ഏറ്റവും ആദരണീയനായ വ്യക്തി. കർഷകർ ഒരിക്കലും ക്ഷയിക്കാത്ത പ്രായോഗികവിജ്ഞാനമുള്ളവരാണ്. നമ്മുടെ പൂർവ്വികർ അനുവർത്തിച്ചിരുന്ന കൃഷിരീതികൾ നമ്മെ അദ്ഭുതപ്പെടുത്തുന്നവയാണ്. അവരുടെ അദ്ധ്വാനത്തിലും, അതുവഴി കുടുംബാംഗങ്ങളെയും ഭൂമിയെയും സംരക്ഷിക്കുന്നതിൽ അവർക്കുണ്ടായിരുന്ന തീക്ഷ്ണതയിലും അമർത്യതയുടെ അംശങ്ങൾ കലർന്നിട്ടുണ്ട്. നമ്മുടെ രൂപതയിലെ കർഷകരുടെ വിജ്ഞാനം ഒന്നു ശേഖരിച്ചാൽ ഒരു സർവ്വകലാശാലയ്ക്കുള്ള വിജ്ഞാനകോശമാകുമത്. ശരിയായിട്ടുള്ള ശബ്ദതാരാവലി അവരുടേതാണ്. യഥാർത്ഥത്തിൽ കുടുംബകൃഷി ഒരു ജീവിതശൈലിയാണ്. ലാഭം നേടാനും കുറെ ഉത്പന്നങ്ങൾ കണ്ടെത്താനും വേണ്ടിയല്ല. അദ്ഭുതപ്പെടുത്തുന്ന രീതിയിൽ ഭക്ഷ്യവിഭവവൈവിധ്യം മണ്ണിൽനിന്നു നേടിയ ഒരു അമൂല്യപ്രദേശമാണ് നമ്മുടേത്. നമ്മുടെ രൂപതാകേന്ദ്രത്തിലും പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിലും കോളജ് പറമ്പിലും എല്ലാം ജൈവകൃഷിയും മറ്റു ചെറുകിട കൃഷികളും നടത്തുന്നുണ്ട്. വീട്ടാവശ്യങ്ങൾക്കായി അല്പമെങ്കിലും കൃഷി ചെയ്യാത്ത ഒരു വീടുപോലും നമ്മുടെ രൂപതയിൽ ഉണ്ടായിരിക്കരുത്.

മാറ്റിവയ്ക്കാവുന്നതും മാറ്റിക്കളയാവുന്നതുമായ വസ്തുക്കളല്ല കൃഷിക്കാർ. അന്തസ്സും മാന്യതയുമുള്ള മനുഷ്യരാണവർ. ഓരോ കൃഷിക്കാരനും നല്ല ഒരു ഗവേഷകനും ശാസ്ത്രജ്ഞനും കൂടിയാണ്. കൃഷിയുടെ ശാസ്ത്രമാണ് ഭൂമിയിലെ നമ്മുടെ നിലനില്പ്പിന്റെ അടിത്തറ. മറ്റു ശാസ്ത്രങ്ങളെല്ലാം കർഷകരുടെ ശാസ്ത്രത്തോടു ബന്ധപ്പെട്ടതും അതിൽനിന്നു കടമെടുത്തതുമാണ്. എങ്കിലും കർഷകരെ അപമാനിക്കുകയും കർഷകരൊഴികെ ബാക്കി എല്ലാവരും ശാസ്ത്രജ്ഞരാണെന്നു ചിന്തിക്കുകയും ചെയ്യുന്ന കാലത്താണു നാം ജീവിക്കുന്നത്. വാസ്തവത്തിൽ ഇന്നും നല്ല കർഷകരിലാണു സൃഷ്ടിപരതയും പുത്തൻരീതികളും നിലനില്ക്കുന്നത്. ഏറ്റവും നല്ല സംസ്കാരം അഗ്രിക്കൾച്ചർ ആണ്. കൃഷിയോടു ബന്ധപ്പെട്ടിട്ടുള്ളതാണ്. അതിനാൽ ഓരോ കൃഷിക്കാരനും തന്റെ ശക്തി തിരിച്ചറിയണം. കൃഷിക്കാരുടെ കൂടിവരവിനുള്ള അവസരങ്ങൾ വർദ്ധിപ്പിക്കേണ്ടതുണ്ട്. പൊതുവേദികളിലും മറ്റും കൃഷിക്കാരെ കേൾക്കാൻ കുട്ടികൾക്കു കൂടുതൽ അവസരങ്ങൾ ഉണ്ടാകണം.

സംയോജിത (integrated) കൃഷി സമ്പ്രദായമായിരുന്നു നമ്മുടെ പ്രത്യേകത. അതായത്, ജൈവകൃഷി സമ്പ്രദായങ്ങളും മൃഗവളർത്തലും (livestocks) ഒരുമിച്ചുകൊണ്ടുപോകുന്ന രീതി. കൃഷിയും മൃഗവളർത്തലും മീൻവളർത്തലും എല്ലാം ചേർന്നുപോകേണ്ട കാര്യങ്ങളാണ്. മണ്ണിരകമ്പോസ്റ്റ് തയ്യാറാക്കുന്നത് ഏറ്റവും നല്ലതാണ്. സംയോജിത കൃഷിരീതിയിൽ ഭക്ഷ്യവിളകൾ, മൃഗവളർത്തൽ, ക്ഷീരോത്പന്നങ്ങൾ, കോഴിവളർത്തൽ, താറാവുവളർത്തൽ, മുയൽ വളർത്തൽ, ആടുവളർത്തൽ, പന്നി വളർത്തൽ, പക്ഷിവളർത്തൽ, മീൻ വളർത്തൽ, തേനീച്ച വളർത്തൽ എല്ലാം പെടും. പലതരത്തിലുള്ള പയർ വർഗ്ഗങ്ങൾ (pulses), ഭക്ഷ്യധാന്യങ്ങൾ (cereals), പഴവർഗ്ഗങ്ങൾ (fruit plants), കൂൺവർഗ്ഗങ്ങൾ, മറ്റു പ്രാദേശികസസ്യവർഗ്ഗങ്ങൾ (flora), ജന്തുവർഗ്ഗങ്ങൾ (founa), മുരിങ്ങക്കായ് (drumsticks) തുടങ്ങിയവയും പ്രാധാന്യമർഹിക്കുന്നവയാണ്. 'മുരിങ്ങ' (moringa) എന്നാൽ "ഒരിക്കലും നശിക്കാത്ത മരം" എന്നാണർത്ഥം. മുരിങ്ങയുടെ ഓരോ ഭാഗവും ഔഷധഗുണമുള്ളതുമാണ്. ഇഞ്ചി, മഞ്ഞൾ, കൂവ തുടങ്ങിയവ ഔഷധച്ചെടികളാണ്. മാങ്ങാ, വാഴയ്ക്കാ, പപ്പായ (കപ്പളങ്ങ) തുടങ്ങിയവയെല്ലാം പച്ചക്കറികളും പാകമാകുമ്പോൾ പഴവർഗ്ഗങ്ങളുമാണ്. പപ്പായയെ മാലാഖമാരുടെ ഫലം (fruit of the Angels, മാധുര്യംകൊണ്ട്) എന്നാണ് Christopher Columbus വിശേഷിപ്പിച്ചത്. ഇവയൊക്കെ വിളയിച്ചെടുക്കുക അദ്ധ്വാനശീലനായ ഒരു കൃഷിക്കാരന് അസാധ്യമായ കാര്യമല്ല. വി. ഫ്രാൻസിസ് അസ്സീസ്സിയുടെ വാക്കുകൾ ഇപ്രകാരമാണ്: "സാധിക്കുന്ന കാര്യം ആദ്യം ചെയ്യുക; പിന്നീട് അത്യാവശ്യമുള്ള കാര്യങ്ങൾ ചെയ്യുക; അപ്പോൾ അസാധ്യമായ കാര്യങ്ങൾ ചെയ്യാൻ പറ്റും." അപ്പോഴാണു കൃഷിയിൽനിന്നുള്ള സന്തോഷവും ഐശ്വര്യവും അനുഭവിക്കാൻ കഴിയുന്നത്. ഒരു നല്ല ജീവിതക്രമം നിലനിർത്താനുള്ള അടിസ്ഥാനശിലയാണിത് (not for making a profit but for making a living).

കുടുംബകൃഷിയുടെ നേട്ടം നമുക്ക് എത്ര ഏക്കർ സ്ഥലമുണ്ട് എന്നതിലല്ല; എത്ര ഫലപ്രദമായിട്ടു നാം ഉപയോഗിക്കുന്നു എന്നതിലാണ്. എത്ര

കിലോഗ്രാം ഉല്പാദിപ്പിച്ചു എന്നതല്ല എത്ര ഗുണമേന്മയുള്ളവ ഉത്പാദിപ്പിച്ചു എന്നതാണ്. എല്ലാവരും അതിൽ പങ്കെടുക്കുന്നു എന്നതാണ് പ്രധാനം. മറ്റുള്ളവരെക്കൊണ്ട് ജോലി ചെയ്യിപ്പിച്ചല്ല നമ്മൾ കർഷകരാകേണ്ടത്. ഉദാഹരണമായി 2 ഏക്കർ സ്ഥലമുള്ള ഒരു വീട്ടുടമ ആ സ്ഥലത്തെ റബർ ടാപ്പിംഗ് ഉൾപ്പെടെ സ്വന്തമായിട്ട് ചെയ്യുമ്പോഴാണ് യഥാർത്ഥ കർഷകനാകുന്നത്. നമ്മൽ കൃഷി ചെയ്യിക്കുന്നവരാകാതെ കൃഷി ചെയ്യുന്നവരാകണം. കുടുംബകൃഷിയാണു കുടുംബാംഗങ്ങൾക്കു പറ്റിയ ഏറ്റവും നല്ല മരുന്ന്. കുടുംബാംഗങ്ങളുടെ കൂടിവരവിന്റെ ഏറ്റവും പ്രാദേശികവും പ്രായോഗികവുമായ രൂപം കുടുംബകൃഷിയിടമാണ്. ദീർഘനാൾ ജീവിക്കാനും ആരോഗ്യത്തോടെ ജീവിക്കാനും (to live long and healthy) കുടുംബകൃഷി ഏറെ സഹായിക്കും. മണ്ണൊലിപ്പു തടയുന്നതിനു കല്ല് – മൺ കയ്യാലകളും മഴവെള്ളം ശേഖരിക്കുന്നതിനു മൺകുഴികളും നിർമ്മിക്കുന്നത് ഉപകാരപ്രദമാണ്.

രാസവളങ്ങൾ ഉപയോഗിച്ചു ലാഭം മാത്രംനോക്കി കൃഷി നടത്തുമ്പോൾ കൃഷിയുടെ മഹത്ത്വം നമ്മൾ നശിപ്പിക്കുകയാണ്; ചെറുതാക്കുകയാണ്. ശാസ്ത്രീയം എന്നു വിശേഷിപ്പിക്കപ്പെടുന്ന രാസവളകീടനാശിനിപ്രയോഗങ്ങൾ മണ്ണിന്റെ സ്വാഭാവികഘടന നഷ്ടപ്പെടുത്തുകയും ചെടികളുടെ ആയുസ്സു കുറയ്ക്കുകയും ചെയ്യുന്നു. നമ്മുടെ കർഷകർ നൂറ്റാണ്ടുകളിലൂടെ ജൈവവളം ഉപയോഗിച്ചു നിലനിർത്തിയ സമ്പന്നമായ കൃഷിയിന വൈവിധ്യം (rich-agro diversity) രാസവളപ്രയോഗത്തിലൂടെ നശിപ്പിക്കപ്പെടുന്നു. ചെറുകിട കൃഷിക്കാരാണ് വൈവിധ്യത്തിന്റെ ശില്പികൾ. വൈവിധ്യം നശിപ്പിച്ച് ഏതെങ്കിലും ഒന്നിന്റെ പിറകേ പോവുകയാണ് വൻകിടകൃഷി. യന്ത്രവത്കൃതകൃഷി അപ്രകാരം വലിയ നഷ്ടങ്ങൾക്കു കാരണമാകുന്നു. അതു സാമൂഹികവും പാരിസ്ഥിതികവുമായ പ്രശ്നങ്ങളും സൃഷ്ടിക്കുന്നു. കീടനാശിനികളുടെ ഉപയോഗം മനുഷ്യരിൽ ഏല്പിക്കുന്ന മുറിവുകൾ എണ്ണിത്തിട്ടപ്പെടുത്താവുന്നവയല്ല. നമ്മൾ ജൈവകീടനാശിനികൾ ഉപയോഗിച്ചു പഠിക്കണം. ലോകപ്രശസ്ത ശാസ്ത്രജ്ഞനായ ആൽബർട്ട് ഐൻസ്റ്റീൻ പറയുന്നു– "അവസാനത്തെ ഈച്ച അപ്രത്യക്ഷമാകുമ്പോൾ മനുഷ്യനും അപ്രത്യക്ഷനാകും. (when the last bee disappears, human will disappear)". നമ്മൾ വെറും സാധനങ്ങൾ (commodities) ഉത്പാദിപ്പിക്കുന്നവരല്ല, ഭക്ഷ്യയോഗ്യമായ വിഭവങ്ങൾ ഉത്പാദിപ്പിക്കുന്നവരാകണം. ജൈവകൃഷികേന്ദ്രിതമായ ഒരു Agro-ecology - കൃഷി പ്രാധാന്യമുള്ള പരിസ്ഥിതിസംരക്ഷണം – ലക്ഷ്യം വയ്ക്കണം. ജൈവകൃഷിയിലൂടെ, കുടുംബകൃഷിയിലൂടെ നമ്മുടെ കൃഷിയിടങ്ങളെ യൗവനവൽകരിക്കണം (re-juvenate). കാലാവസ്ഥയുടെ സന്തുലിതാവസ്ഥയ്ക്കും ജൈവകൃഷി അത്യന്താപേക്ഷിതമത്രേ. മനുഷ്യന്റെ സന്തോഷവും മനുഷ്യർ തമ്മിലുള്ള ഐക്യവും ജൈവകുടുംബകൃഷിയിലൂടെ വളർത്താൻ കഴിയും. യന്ത്രവത്കൃത വൻകിടകൃഷിക്കാർ കർഷകരെ വെറും ഉപകരണങ്ങളാക്കുകയാണ്. ചെറുകിട കൃഷി ഭാവിയെ ലക്ഷ്യം വച്ചുള്ളതാണ്. ഭൂമിയെ സംരക്ഷിക്കണം എന്ന ലക്ഷ്യവും അതിനുണ്ട്. കർഷകൻ മണ്ണിന്റെ ചൂഷകൻ അല്ല, സൂക്ഷിപ്പുകാരനാണ്. വളക്കൂറുള്ള മണ്ണും അനുഗ്രഹദായകമായ കാലാവസ്ഥയും ഇത്തരം കൃഷിക്കാരുടെ അദ്ധ്വാനത്തിന്റെ ഫലമാണ്. കുടുംബകൃഷിയിലൂടെ മനുഷ്യബന്ധങ്ങളിൽതന്നെ ഒരു നവോത്ഥാനമുണ്ടാകും. സ്ത്രീശാക്തീകരണത്തിനും ലിംഗസമത്വത്തിനും ഏറ്റവും നല്ല വേദികളാണ് കുടുംബകൃഷിത്തോട്ടങ്ങൾ. സ്ത്രീകളുടെ വ്യക്തിത്വവികസനത്തിനും ആത്മസംതൃപ്തിയ്ക്കും ഏറെ സമയം കുടുംബാംഗങ്ങളോടുകൂടി ആയിരിക്കാനും ഈ കുടുംബകൃഷി ഉപകാരപ്പെടും. വീടുകളിൽ അമ്മമാരുടെ സാന്നിദ്ധ്യം കുറയുന്നതു കുടുംബമൂല്യങ്ങളുടെ ശോഷണത്തിനു കാരണമാകുന്നുണ്ട്. പാടത്തു പണിയെടുക്കുന്ന സ്ത്രീകളുടെ നാടാണു ഭാരതം എന്നു നാം മറക്കരുത്. സ്വന്തം വീട്ടിലും സ്വന്തം കൃഷിയിടങ്ങളിലും ആയിരിക്കാൻ എല്ലാ അമ്മമാരും ശ്രദ്ധിക്കണം. ഭാരതം ചെറുകിട കർഷകരുടെ നാടാണ്. മണ്ണിൽനിന്ന് അകലുന്നതു നല്ലതല്ല. കുടുംബകേന്ദ്രിതമായ കൃഷി വളരെയേറെ ശക്തിപ്പെടുത്തണം. കുട്ടികൾക്കു കൃഷി പരിശീലനം നൽകാനുള്ള നല്ല മാർഗ്ഗം കാർഷികയൂണിവേഴ്സിറ്റിയല്ല, സ്വന്തം വീടും പറമ്പുമാണ്. പെൺകുട്ടികളെ എല്ലാ മാതാക്കളും പാചകം പഠിപ്പിക്കണം. കൃഷിക്കാർ ഇല്ലാതാകുമ്പോൾ രാജ്യം തകരും. പാചകം അറിയാത്ത അമ്മമാർ വീടു തകർക്കും. സംസ്കാരവും തകരും. എല്ലാ വൈദികരും സമർപ്പിതരും കൃഷിയിൽ ഏർപ്പെടുകയും തരിശുഭൂമി കൃഷിഭൂമിയാക്കി മാറ്റുകയും ചെയ്യണം. പ്രതീക്ഷയും പ്രത്യാശയും കൃഷിക്കാരിലാണ്. ഒരുകാലത്തു കേരളം ധാന്യകൃഷിക്കാരെക്കൊണ്ടു നിറഞ്ഞിരുന്നു. ഇന്നു ആ രംഗം ശൂന്യമാണ്.

നമ്മുടെ ജലസ്രോതസ്സുകൾ മലിനമാക്കപ്പെടുന്നത് ഏറെ സങ്കടകരമായ കാര്യമാണ്. നമുക്ക് ആവശ്യമില്ലാത്തതെല്ലാം ആറ്റിലേക്കും വഴിയിലേക്കും വലിച്ചെറിയുന്ന ദുരവസ്ഥയിൽനിന്നു നാം മോചനം നേടേണ്ടതുണ്ട്. ജലമലിനീകരണവും, വായു മലിനീകരണവും വലിയ തോതിലുള്ള ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. വലിയ പാരിസ്ഥിതിക പ്രതിസന്ധിയിലേക്ക് അവ നമ്മെ എത്തിക്കുന്നുണ്ട്. കിണർ, കുളം, തോട്, ആറ്, നദി എന്നിവയെല്ലാം ശുദ്ധമായി സംരക്ഷിക്കുവാനുള്ള വലിയ ഉത്തരവാദിത്വം നമുക്കുണ്ട്.

ഈശോ കാർഷികമേഖലയെ ഏറെ സ്നേഹിച്ചിരുന്നു. സുവിശേഷം പ്രസംഗിക്കുവാൻ കൃഷിയിടങ്ങളോടു ബന്ധപ്പെട്ട എല്ലാ പ്രതീകങ്ങളും അവിടുന്ന് ഉപയോഗിച്ചു. നല്ല മണ്ണിൽ എന്നപോലെ പാറക്കെട്ടിലും വഴിയോരങ്ങളിലും മുള്ളുകൾക്കിടയിലും വിത്തുപാകുന്ന അസാധാരണമായ വിശാലഹൃദയത്തിന്റെ ഉടമയായ ഒരു കർഷകനായിരുന്നു അവിടുന്ന്. ഈ കൃഷിക്കാരൻ ഏതുമണ്ണും ഉഴുതു മറിക്കുന്നവനാണ്. കാർഷിക സംസ്കാരം വേദപുസ്തകസംസ്കാരം തന്നെയാണ്; സുവിശേഷസംസ്കാരം തന്നെയാണ്. നമ്മുടെ സ്ഥലങ്ങൾ വെറുംഭൂമിയും തരിശുഭൂമിയും മരുഭൂമിയുമാക്കരുത്. വിശുദ്ധനായ 23-ാം ജോൺ മാർപാപ്പാ പറയുന്നു: "എന്റെ ഗ്രാമത്തെയും എന്റെ വീട്ടുകാർ ജോലി ചെയ്യുന്ന കൃഷിഭൂമിയെയും മറക്കാതിരിക്കാൻ കർത്താവിന്റെ കൃപ എന്നെ സഹായിക്കുന്നു." ഈ കൃപയ്ക്കായി നമുക്കും പ്രാർത്ഥിക്കാം.

# രണ്ടാം വത്തിക്കാൻ കൗൺസിലും കേരള സഭയും

**കെ.സി.ബി.സി നിർദ്ദേശങ്ങൾ**

യേശുവിൽ പ്രിയമുള്ളവരേ,

രണ്ടാം വത്തിക്കാൻ കൗൺസിൽ വിളിച്ചുചേർത്തതിന്റെ സുവർണ്ണ ജൂബിലിയുടെ പശ്ചാത്തലത്തിലാണല്ലോ 2012 ഒക്ടോബർ 11 മുതൽ 2013 നവംബർ 24 വരെ വിശ്വാസവർഷമായി നാം ആചരിച്ചത്. കേരള കത്തോലിക്കാ സഭയുടെ വിശ്വാസ വർഷാചരണത്തിന്റെ ഭാഗമായി രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണ രേഖകളുടെ ദർശങ്ങൾ എത്രമാത്രം കേരള സഭ ഉൾക്കൊണ്ടു എന്നതിനെക്കുറിച്ച് പഠിക്കാൻ സഭയിൽ ഒരു സർവ്വേ നടത്താൻ 2012 ജൂൺ 5 മുതൽ 7 വരെ പി.ഒ.സി.യിൽ കൂടിയ കെ.സി.ബി.സി സമ്മേളനം തീരുമാനിക്കുകയുണ്ടായി. ഇതിൻപ്രകാരം കേരളത്തിലെ 30 രൂപതകളിലും തെരഞ്ഞെടുക്കപ്പെട്ടവരുടെ ഇടയിൽ പഠനം നടത്തുകയും പഠനത്തിന്റെ കണ്ടെത്തലുകൾ 2013 ഡിസംബർ 10 മുതൽ 12 വരെ പി.ഒ.സി.യിൽ നടന്ന കെ.സി.ബി.സി. യോഗത്തിൽ അവതരിപ്പിക്കുകയും ചെയ്തു. പഠനത്തിന്റെ കണ്ടെത്തലുകളുടെ രത്ന ചുരുക്കം താഴെ ചേർത്തിരിക്കുന്നു. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രബോധനങ്ങളും നിർദ്ദേശങ്ങളും കേരള സഭയിൽ കൂടുതലായി പ്രചരിക്കുന്നതിനും കൗൺസിൽ വിഭാവനം ചെയ്ത സഭാനവീകരണം തുടരുന്നതിനും ആവശ്യമായ ചില പ്രായോഗിക നിർദ്ദേശങ്ങളാണ് ഇവ. രൂപതാതലത്തിലും സന്യാസസമൂഹതലത്തിലും ഇടവക തലത്തിലും സംഘടനാ തലത്തിലും ഇവ വായിച്ച് ചർച്ച ചെയ്യുകയും സാധിക്കുന്ന തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്ന് 2014 ജൂൺ 3 മുതൽ 5 വരെ പി.ഒ.സി.യിൽ കൂടിയ കെ.സി.ബി.സി. യോഗം തീരുമാനിക്കുകയുണ്ടായി. വത്തിക്കാൻ കൗൺസിലിന്റെ പ്രബോധനങ്ങളും നിർദ്ദേശങ്ങളും സഭയുടെ എല്ലാ മേഖലകളിലും ആത്മാർത്ഥമായി നടപ്പാക്കി കേരള സഭയെ നവീകരിക്കാനും വളർത്താനും നമുക്കൊരുമിച്ച് ശ്രമിക്കാം.

കേരള കത്തോലിക്കാ മെത്രാൻ സമിതിയ്ക്കുവേണ്ടി,

**കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവാ**
*(പ്രസിഡന്റ്, KCBC)*

**ആർച്ച് ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം** *(വൈസ് പ്രസിഡന്റ്, KCBC)*

**ബിഷപ്പ് ജോസഫ് കരിയിൽ** *(സെക്രട്ടറി ജനറൽ, KCBC)*

## കൗൺസിലിനെക്കുറിച്ചുള്ള പഠനത്തിന്റെ കണ്ടെത്തൽ

രണ്ടാം വത്തിക്കാൻ കൗൺസിൽ ആരംഭിച്ചിട്ട് 50 വർഷം തികഞ്ഞ ഈ അവസരത്തിൽ കൗൺസിലിന്റെ പ്രധാന ലക്ഷ്യം അധുനാതനീകരണം (Aggiornamento) ആയിരുന്നുവെന്നു നാം ഓർക്കുന്നുണ്ടാകുമല്ലോ. സ്വയം നവീകരിക്കാനും കാലാനുസൃതം സ്വയം പ്രസക്തമാക്കാനും വേണ്ടിയുള്ള തിരുസഭയുടെ, പരിശുദ്ധാരൂപിയാൽ നിവേശിതമായ ശ്രമത്തിന്റെ രൂപരേഖകളായിരുന്നു കൗൺസിലിന്റെ പ്രമാണരേഖകൾ. ഇവയെല്ലാം സഭയെ ഇന്നത്തെ മനുഷ്യസമൂഹവുമായി ഫലപ്രദമാംവിധം ബന്ധിപ്പിക്കുന്നതിനു വേണ്ട പ്രധാനപ്പെട്ട പ്രബോധനങ്ങളും നിർദ്ദേശങ്ങളും നല്കുന്നവയാണ്. ഇവവഴി മനുഷ്യസമൂഹത്തിന്റെ മുമ്പിലേക്കുള്ള സഭ സ്വന്തം വാതിലുകൾ തുറക്കുകയും സഭയും ലോകവും തമ്മിൽ ഫലപ്രദവും രക്ഷാകരവുമായ ബന്ധം വളർത്തുന്നതിന് എല്ലാവരെയും ക്ഷണിക്കുകയും ചെയ്തു. അതിനുശേഷം, പല അവസരങ്ങളിൽ ആഗോളസഭ മേൽപറഞ്ഞ ബന്ധങ്ങളെയും അവയുടെ ഗുണദോഷങ്ങളെയും വിലയിരുത്തുന്ന ആത്മപരിശോധനകൾ നടത്തിയിട്ടുണ്ട്. പ്രാദേശികതലത്തിലും മേല്പറഞ്ഞതരം പരിശോധനകളും അന്വേഷണങ്ങളും നടത്തുന്ന സമിതികളും യോഗങ്ങളും നടന്നിട്ടുണ്ട്. ഇവയുടെ പിന്തുടർച്ചയെന്നോണം ഒരു പഠനം കഴിഞ്ഞ വർഷം കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ ആഭിമുഖ്യത്തിൽ നടക്കുകയുണ്ടായി. കേരളത്തിലെ മുപ്പതു രൂപതകളിൽനിന്നുള്ള, വൈദികരും സന്ന്യസ്തരും അല്മായരും അടങ്ങുന്ന 3000 സഭാംഗങ്ങളിൽ നിന്നുള്ള അഭിപ്രായങ്ങളാണ് പ്രസ്തുത പഠനത്തിനുവേണ്ടി ശേഖരിച്ചത്. വത്തിക്കാൻ കൗൺസിലിന്റെ പ്രബോധനങ്ങളും നിർദ്ദേശങ്ങളും കേരളസഭയിൽ എത്രമാത്രം പ്രായോഗികമായിട്ടുണ്ട് എന്നതിനെപ്പറ്റി ഈ പഠനം നമുക്ക് ഉപകാരപ്രദമായ പല ഉൾക്കാഴ്ചകളും നൽകുന്നുണ്ട്. അവയിൽ ഏറ്റവും പ്രധാനപ്പെട്ടവ നിങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുന്നു.

ക്രൈസ്തവ വെളിപാടിനെക്കുറിച്ചും അതിൽ വിശുദ്ധ ഗ്രന്ഥത്തിനും പാരമ്പര്യത്തിനുമുള്ള സ്ഥാനത്തെക്കുറിച്ചും മുമ്പേത്തെക്കാൾ ഏറെ നമ്മുടെ വിശ്വാസികൾ അവബോധമുള്ളവരാണ്. അത് വളരെ സന്തോഷകരമായ കാര്യമാണ്. അതുപോലെ തന്നെ തിരുസഭയെന്നത് അധികാരികൾ മാത്രമല്ല, മെത്രാന്മാരും വൈദികരും അല്മായരും ഉൾപ്പെടുന്ന ദൈവജനമാണെന്ന സമഗ്രവീക്ഷണം കേരള സഭയിൽ വ്യാപകമായി തീർന്നിട്ടുണ്ട്. നാം എല്ലാവരും ഒരേ വിശുദ്ധിയിലേക്കാണ് വിളിക്കപ്പെട്ടിരിക്കുന്നതെന്നു ദൈവജനത്തിന്റെ വിശുദ്ധീകരണത്തിനുള്ള സേവനത്തിനുവേണ്ടി വിളിക്കപ്പെട്ടിരിക്കുന്നവരാണ് സഭാശുശ്രൂഷകരെന്നും കൂടുതൽ കൂടുതൽ പേർ മനസ്സിലാക്കിവരുന്നു. ആദ്ധ്യാത്മികതയിൽ ആരാധനക്രമത്തിനുള്ള പ്രഥമസ്ഥാനത്തെക്കുറിച്ചും നാം ബോധവാന്മാരാണെന്നത് ചാരിതാർത്ഥ്യജനകമാണ്. യുവതലമുറയുടെ വിശ്വാസ രൂപവത്ക്കരണത്തിൽ മാതാപിതാക്കൾക്കുള്ള പ്രഥമ ഉത്തരവാദിത്വത്തെക്കുറിച്ചും സഭാനേതൃത്വത്തിലുള്ള

വർ പ്രബോധനങ്ങൾ വഴി എന്നതിനെക്കാൾ മാതൃകവഴി നൽകേണ്ട രൂപ വത്ക്കരണത്തെക്കുറിച്ചും സഭാംഗങ്ങൾ തികച്ചും അവബോധമുള്ളവരാണ്. കഴിഞ്ഞ 50 വർഷംകൊണ്ട് പല ക്രൈസ്തവ വിഷയങ്ങളിലും കേരള സഭയിൽ ഉണ്ടായിട്ടുള്ള അറിവിന്റെ വളർച്ച ശ്ലാഘനീയമാണ്.

എങ്കിലും കൗൺസിലിന്റെ പ്രബോധനങ്ങളും നിർദ്ദേശങ്ങളും കേരള സഭയിൽ മുഴുവനായി പ്രായോഗികമാക്കാൻ നാമെല്ലാവരും ഒരുമിച്ച് ഇനിയും കൂടുതലായി ശ്രമിക്കേണ്ടിയിരിക്കുവെന്നും മേൽപ്പറഞ്ഞ സർവ്വേ സൂചിപ്പിക്കുന്നു. അപ്രകാരം രൂപതകളുടെയും ഇടവകകളുടെയും തലങ്ങളിൽ നടപ്പാക്കേണ്ട ചില കാര്യങ്ങൾ രൂപതാധികാരികളുടെയും വികാരിമാരുടെയും ശ്രദ്ധയിൽപെടുത്താൻ ആഗ്രഹിക്കുന്നു.

**പ്രായോഗിക നിർദ്ദേശങ്ങൾ**

1. ലിറ്റർജി, ദൈവാവിഷ്കരണം മുതലായ കൗൺസിലിന്റെ സുപ്രധാന പ്രബോധനങ്ങളെക്കുറിച്ചുള്ള അറിവ് ജനങ്ങളുടെ ഇടയിൽ ഇനിയും കൂടുതലായി വ്യാപകമാകേണ്ടതുകൊണ്ട് യുവാക്കൾ, മുതിർന്നവർ എന്നിവർക്കായി ഇടവകകളിൽ സെമിനാറുകൾ സംഘടിപ്പിച്ച് തുടർ മതബോധനം നൽകണം.

2. ലിറ്റർജി, പ്രത്യേകിച്ച് കൂദാശകളുടെ പരികർമ്മം, ഞായറാഴ്ചകളിലെ ദിവ്യബലിയർപ്പണം എന്നിവ കൂടുതൽ സജീവവും ജനങ്ങളുടെ അനുദിന ജീവിതത്തിന്പറ്റുംവിധം ആത്മീയശക്തി പകരുന്നതുമാക്കാൻ വേണ്ടതെല്ലാം വൈദികർ ചെയ്യേണ്ടതാണ്. ഇതിനുവേണ്ടി ഇടവകളിൽ ലിറ്റർജിക്കൽ കമ്മിറ്റി ഉണ്ടാകുന്നതും, ഗാനാലാപം, വിശുദ്ധഗ്രന്ഥ വായനകൾ, കർമ്മങ്ങളെ സജീവമാക്കാൻ ആവശ്യമായ മറ്റ് ഒരുക്കങ്ങൾ എന്നിവ വൈദികന്റെ നിർദ്ദേശമനുസരിച്ച് ഈ കമ്മിറ്റിയുടെ നേതൃത്വത്തിൽ ചെയ്യുന്നതും നല്ലതാണ്.

3. ക്രൈസ്തവ ആദ്ധ്യാത്മികതയുടെ പ്രഭവസ്ഥാനവും അതിന്റെ പ്രഥമ പോഷകവും ലിറ്റർജിയാണെന്നു കൗൺസിൽ പഠിപ്പിക്കുന്നു. മറ്റു പൊതുജനഭക്തികൾ ലിറ്റർജിയോടു ബന്ധപ്പെട്ടും അതിലേക്കു നയിക്കുന്ന വിധത്തിലുമായിരിക്കണം പ്രോത്സാഹിപ്പിക്കപ്പെടേണ്ടത്. നമ്മുടെ ജനങ്ങളുടെ ആദ്ധ്യാത്മിക ജീവിതത്തിൽ ഇക്കാര്യത്തിൽ പല അസന്തുലിതരീതികളും നിലനില്ക്കുന്നതായി അവർതന്നെ മേല്പറഞ്ഞ സർവേയിലൂടെ ചൂണ്ടിക്കാട്ടുന്നു. ഈ സാഹചര്യത്തിൽ, ഇവയെ നേർവഴിയിലാക്കാൻ ആവശ്യമായ പ്രായോഗിക നിർദ്ദേശങ്ങൾ ഓരോ രൂപതയും നല്കുകയും, ഇടവകകളിൽ അവ കൃത്യമായി പാലിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കുകയും വേണം.

4. നാമെല്ലാവരും ക്രിസ്തുവിന്റെ ശരീരത്തിലെ അവയവങ്ങളാണെന്നും, ശിരസ്സായ ക്രിസ്തുവിൽ ഒന്നായിരിക്കുന്ന നമ്മുടെ ഐക്യം പ്രവൃത്തികളിൽകൂടി പ്രകടമാകണമെന്നും ഉള്ള പ്രബോധനമനുസരിച്ച്, നമ്മുടെ ഇടവകകളിൽ പരസ്പരം അടിയന്തിര ഘട്ടങ്ങളിൽ സഹായിക്കുവാൻ ഒരു ഫണ്ട് രൂപീകരിക്കുന്നതു നല്ലതാണ്. ഇടവകയിലെ പൊതുപിരിവിൽനിന്ന് ഒരു നിശ്ചിത ശതമാനം മാറ്റി വയ്ക്കുന്നതിനു പുറമെ, ഈ ഫണ്ടിനുവേണ്ടി പ്രത്യേക പിരിവ് രൂപതയുടെ അനുവാദത്തോടുകൂടി നടത്താവുന്നതാണ്. അതുപോലെ, രക്തദാനം, ജീവിച്ചിരിക്കുമ്പോഴും മരണശേഷവുമുള്ള അവയവദാനം മുതലായവും പ്രോത്സാഹിപ്പിക്കാവുന്നതാണ്.

5. സ്ത്രീകൾക്കു സഭയിലും പൊതുസമൂഹത്തിലും തുല്യമായ സ്ഥാനവും പ്രവർത്തനങ്ങളിൽ പങ്കാളിത്തവും പ്രോത്സാഹിപ്പിക്കാൻവേണ്ടി, രൂപതകളിലും ഇടവകകളിലും കമ്മിറ്റിയംഗങ്ങൾ, ഭാരവാഹികൾ, ഓഫീസ് ജോലിക്കാർ മുതലായവരിൽ മൂന്നിലൊന്നെങ്കിലും യോഗ്യതയുള്ള സ്ത്രീകളെ നിയമിക്കേണ്ടതാണ്.

6. സുവിശേഷവത്ക്കരണത്തിനും ക്രിസ്തുവിനു സാക്ഷ്യം വഹിക്കുന്നതിനും തടസ്സമാകുന്ന വിധത്തിൽ നമ്മുടെ കുടുംബങ്ങളിലും സ്ഥാപനങ്ങളിലും സുവിശേഷമൂല്യങ്ങൾക്കു യോജിക്കാത്ത പ്രവർത്തനരീതികൾ ഉണ്ടാകാതിരിക്കാൻ നാമെല്ലാവരും ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ട്, സുവിശേഷമൂല്യങ്ങൾക്കെതിരായ അനീതി, അക്രമം എന്നിവ നമ്മുടെ കുടുംബങ്ങളിലെയും സ്ഥാപനങ്ങളിലെയും മനുഷ്യബന്ധങ്ങളിലും, ഫീസ് സമാഹരണം, ശമ്പള വിതരണം മുതലായ സാമ്പത്തിക സംവിധാനങ്ങളിലും ഒരിക്കലും കടന്നുകൂടാതിരിക്കാൻ ശ്രദ്ധിക്കണം. സമൂഹത്തിൽ ഏതെങ്കിലും തരത്തിൽ പാർശ്വവത്കരിക്കപ്പെട്ടിരിക്കുന്നവരോടു പ്രത്യേക പരിഗണനയും അനുകമ്പയും കാണിക്കുന്നതിലൂടെയും നാം സുവിശേഷമൂല്യങ്ങൾക്കു സവിശേഷസാക്ഷ്യം വഹിക്കണം.

7. ക്രിസ്തുവിനും സുവിശേഷമൂല്യങ്ങൾക്കും സാക്ഷ്യം വഹിക്കാൻ എല്ലാ ക്രൈസ്തവർക്കും കടമയുണ്ട്. ക്രൈസ്തവ മൂല്യങ്ങൾ അല്മായർ തങ്ങളുടെ വ്യക്തപരവും കുടുംബപരവുമായ ജീവിതത്തിൽ മാത്രമല്ല, പൊതുസമൂഹജീവിതത്തിലും പ്രകാശിപ്പിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ട്, സാമ്പത്തികം, രാഷ്ട്രീയം, സാംസ്കാരികം, പൊതുപ്രവർത്തനം, ഭരണതലം എന്നീ തലങ്ങളിൽ പ്രവർത്തിക്കുമ്പോഴും അവർ സുവിശേഷമൂല്യങ്ങൾ മുറുകെപ്പിടിക്കണം. അത് ശക്തമായ ക്രൈസ്തവ സാക്ഷ്യമായിരിക്കും. മറിച്ചുള്ള ഏതു പ്രവർത്തനവും ക്രൈസ്തവ ഉത്തരവാദിത്വത്തിന്റെ ലംഘനവുമായിരിക്കും.

8. കത്തോലിക്കാ സമൂഹങ്ങളിൽ നിന്ന് വിശ്വാസികൾ സെക്റ്റുകളിലേക്കു മാറിപ്പോകുന്ന വേദനാജനകമായ സ്ഥിതിവിശേഷം ഉണ്ട്. അവരെ കത്തോലിക്കാ വിശ്വാസത്തിലേക്കു തിരിച്ചുകൊണ്ടുവരാൻ ശ്രമിക്കുന്നതിന് എല്ലാവർക്കും, പ്രത്യേകിച്ച് അജപാലകർക്ക്, കടമയുണ്ട്. അതുകൊണ്ട്, മെത്രാന്മാരും വൈദികരും അവരോടു കരുണയോടും സ്നേഹത്തോടും കൂടി ബന്ധപ്പെടണം. വൈകാരികമായി പ്രശ്നങ്ങളുണ്ടെങ്കിൽ പരിഹരി

ക്കാനും വിശ്വാസപരമായ സംശയങ്ങൾ തീർത്തുകൊടുക്കാനും ശ്രമിക്കുകയും വേണം.

9. ക്രൈസ്തവ കുടുംബങ്ങളുടെ ഐക്യവും നിലനില്പും ഏറ്റവും ഉദാത്തമായ സുവിശേഷസാക്ഷ്യമാണെന്നു മാത്രമല്ല അതു സഭയുടെതന്നെ നിലനില്പിനും ആവശ്യമാണ്. അതുകൊണ്ട്, കുടുംബച്ഛിദ്രങ്ങളും വിവാഹമോചനങ്ങളും ഗാർഹികപീഡനങ്ങളും വർദ്ധിച്ചുവരുന്ന ഇക്കാലത്ത് കുടുംബപ്രേഷിതത്വത്തിനു രൂപതകളും ഇടവകകളും പ്രത്യേകപ്രാധാന്യം നല്കേണ്ടിയിരിക്കുന്നു. കുടുംബങ്ങൾക്കുവേണ്ടിയുള്ള അജപാലകശുശ്രൂഷയിലേക്ക് കൂടുതൽ വൈദികരും സന്ന്യസ്തരും അല്മായരും ഇറങ്ങേണ്ടിയിരിക്കുന്നു. ഈ മേഖലയിൽ ശുശ്രൂഷ ചെയ്യാൻ കഴിവുള്ളവർക്ക് പരിശീലനം നൽകാനും പ്രവർത്തന സാഹചര്യങ്ങൾ ഒരുക്കിക്കൊടുക്കാനും രൂപതാതലത്തിൽ ശ്രമിക്കണം.

10. മതങ്ങളുടെ പേരിൽ ജനങ്ങൾ അകലുന്നതിനു പകരം പരസ്പര ധാരണയോടുകൂടി അടുക്കുന്നതിനും യോജിച്ചു പ്രവർത്തിക്കുന്നതിനു, ഇന്നത്തെ സമൂഹത്തിൽ നാം മുൻകൈ എടുക്കേണ്ടതാണ്. അതുകൊണ്ട് വിവിധ മതസ്ഥർ തമ്മിലുള്ള ഡയലോഗ് പ്രോത്സാഹിപ്പിക്കാനും, വിവിധ ക്രൈസ്തവ സഭകൾ തമ്മിലുള്ള ഐക്യം ശക്തിപ്പെടുത്താനും സഹായിക്കുന്ന വിധത്തിൽ ഉചിതമായ സാഹചര്യങ്ങളിലും ദിനങ്ങളിലും ഒരുമിച്ചുള്ള പ്രാർത്ഥന, സേവനയജ്ഞങ്ങൾ, ആശയ സംവാദങ്ങൾ മുതലായവ നടത്തുന്നതിന് പ്രാദേശികതലത്തിലും ഇടവകതലത്തിലും നാം നേതൃത്വം കൊടുക്കണം.

## THE SYRO- MALANKARA CATHOLIC CHURCH

MORAN MOR BASELIOS CARDINAL CLEEMIS
Major Archbishop-Catholicos

Major Archiepiscopal Curia
Catholicate Centre
Pattom, Trivandrum-695004

Prot No CCL 2/2014

30.06.2014

### 61-ാം മാർ ഈവാനിയോസ് ഓർമ്മപ്പെരുന്നാൾ

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്കോപ്പാമാരേ, റമ്പാൻച്ചന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ!

മലങ്കരയിലെ പുനരൈക്യപ്രസ്ഥാനത്തിന്റെ ജനയിതാവും മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പ്രഥമ മേലദ്ധ്യക്ഷനും തിരുവനന്തപുരം അതിഭദ്രാസനത്തിന്റെ ഒന്നാമത്തെ മെത്രാപ്പോലിത്തൻ ആർച്ച്ബിഷപ്പുമായിരുന്ന ഭാഗ്യസ്മരണാർഹനും ദൈവദാസനുമായ ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് മെത്രാപ്പോലിത്തായുടെ 61-ാമത് ഓർമ്മപ്പെരുന്നാൾ 2014 ജൂലൈ 15-ാം തീയതി തിരുവനന്തപുരം പട്ടം സെന്റ് മേരീസ് ദൈവാലയത്തിൽ ആഘോഷിക്കുകയാണ്. ജൂലൈ 1 മുതൽ 14 വരെയുള്ള ദിനങ്ങളിൽ പ്രഭാതംമുതൽ സന്ധ്യവരെ കബറിങ്കൽ പ്രത്യേക പ്രാർത്ഥനകൾ നടത്തപ്പെടുന്നതാണ്. ജൂലൈ 15-ാം തീയതി രാവിലെ 8 മണിക്ക് പ്രഭാതപ്രാർത്ഥനയും വി. സമൂഹബലിയും ഉണ്ടായിരിക്കുന്നതാണ്. റോമിലെ പൗരസ്ത്യ തിരുസംഘത്തിന്റെ സെക്രട്ടറി ആർച്ച്ബിഷപ്പ് സിറിൽ വസീൽ തിരുമേനി ഈ വർഷത്തെ മുഖ്യാതിഥിയായി ഓർമ്മപ്പെരുന്നാളിൽ സംബന്ധിക്കുന്നതാണെന്ന വിവരം സസന്തോഷം ഏവരേയും അറിയിക്കുന്നു.

ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ വിശുദ്ധ പദവിയിലേക്കുള്ള നാമകരണ നടപടികളുടെ ഭാഗമായി ജൂൺ 23-ന് വന്ദ്യപിതാവിന്റെ കബർ തുറക്കുകയും കാനോനിക പരിശോധന നടത്തുകയും അതേ കബറിൽത്തന്നെ പിതാവിന്റെ ഭൗതികശേഷിപ്പ് അടക്കം ചെയ്യുകയും ചെയ്തു. രാവിലെ 6.30-ന് വി. കുർബാനയോടെ ആരംഭിച്ച ശുശ്രൂഷയും നടപടി ക്രമങ്ങളും രാത്രി 8 മണിയോടെ സമാപിച്ചു. നമ്മുടെ സഭയിലെ 13 പിതാക്കന്മാരും ധാരാളം ബ. വൈദികരും സിസ്റ്റേഴ്സും പതിനായിരത്തിൽപരം വിശ്വാസികളും ചടങ്ങിൽ സംബന്ധിക്കുകയുണ്ടായി. നമ്മുടെ സഭയിൽ ഈ കബർ തുറക്കൽ ആത്മീയമായ വലിയ ചൈതന്യം പകർന്നുവെന്നത് സത്യമാണ്. നമ്മുടെ പുണ്യപിതാവിനെ എത്രയുംവേഗം ഒരു വിശുദ്ധനായി തിരുസഭയിൽ പ്രഖ്യാപിക്കുന്നതിന് നമുക്കേവർക്കും മുട്ടിപ്പായി ദൈവത്തോട് പ്രാർത്ഥിക്കാം. അതിനായി നിങ്ങളെ ഏവരേയും ഞാൻ സ്നേഹത്തോടെ ആഹ്വാനം ചെയ്യുന്നു.

കബർ തുറന്നതിനുശേഷമുള്ള ആദ്യത്തെ ഓർമ്മപ്പെരുന്നാൾ എന്ന നിലയിൽ 2014 ജൂലൈ 15 പ്രത്യേകം ശ്രദ്ധിക്കപ്പെടുന്നു. ആയതിനാൽ ജൂലൈ 15-ന്റെ വിശുദ്ധസമൂഹബലിയിലും ധൂപപ്രാർത്ഥനയിലും ഉച്ചയ്ക്കത്തെ നേർച്ചയിലും എല്ലാവരും വന്ന് സംബന്ധിക്കുവാൻ ഏറെ സ്നേഹത്തോടെ ഞാൻ ക്ഷണിക്കുന്നു.

ജൂലൈ 10-ന് പ്രധാന പദയാത്ര റാന്നി-പെരുനാട്ടിൽനിന്ന് നമ്മുടെ സഭാതല എം.സി.വൈ.എം. സമിതി നേതൃത്വം നൽകി നയിക്കുന്നതാണ്. മാവേലിക്കരയിൽനിന്നും കന്യാകുമാരിയിൽനിന്നും തിരുവല്ലായിൽനിന്നും കബറിങ്കലേക്ക് തീർത്ഥാടന പദയാത്ര ഉണ്ടായിരിക്കുന്നതാണ്. ഭക്തിപൂർവ്വം ഈ തീർത്ഥാടന പദയാത്രയിൽ കൂടുതൽപേർ പങ്കെടുക്കണമെന്ന് സ്നേഹത്തോടെ ഞാൻ ഓർമ്മപ്പെടുത്തുന്നു. തീർത്ഥാടന പദയാത്രയിൽ സഞ്ചരിക്കുമ്പോൾ നോമ്പിന്റെ അരൂപി കാത്തുസൂക്ഷിക്കേണ്ടതാണ്.

ദൈവം നമ്മെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

എന്ന്,

കർത്താവിൽ നിങ്ങളുടെ വിനീതശുശ്രൂഷി

+Baselios Cleemis

**✠ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ്**
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ച്ബിഷപ്പ്-കാതോലിക്കാബാവാ

10.06.2014
കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം

### ഓർമ്മപ്പെരുന്നാൾ ആചരണം

**ജൂലൈ 1 മുതൽ 14 വരെ**

9 a.m.-5 p.m. : കബറിങ്കൽ പ്രാർത്ഥനാ ശുശ്രൂഷകൾ

5.15 p.m. : സന്ധ്യാനമസ്ക്കാരം

5.30 p.m. : വി. കുർബാന

**ജൂലൈ 9 (ബുധൻ)**

7.30 a.m. : മാവേലിക്കരയിൽ നിന്നുള്ള പദയാത്ര ആരംഭിക്കുന്നു

**ജൂലൈ 10 (വ്യാഴം)**

8 a.m. : പെരുന്നാട്ടിൽനിന്നുള്ള പ്രധാന പദയാത്ര ആരംഭിക്കുന്നു.

2.30 p.m. : തിരുവല്ലാ സെന്റ് ജോൺസ് കത്തീഡ്രലിൽ നിന്നുള്ള പദയാത്ര ആരംഭിക്കുന്നു

**ജൂലൈ 13 (വെള്ളി)**

8.30 a.m. : മാർത്താണ്ഡത്തുനിന്നുള്ള പദയാത്ര ആരംഭിക്കുന്നു.

**ജൂലൈ 14 (തിങ്കൾ)**

5 p.m. : പെരുന്നാട്ടിൽനിന്നുള്ള പ്രധാന തീർത്ഥാടന പദയാത്രികർ കബറിങ്കൽ എത്തിച്ചേരുന്നു
സന്ധ്യാപ്രാർത്ഥന
കബറിങ്കൽ ധൂപപ്രാർത്ഥന
മെഴുകുതിരി പ്രദക്ഷിണം

**ജൂലൈ 15 (ചൊവ്വ)**

8 a.m. : പ്രഭാത പ്രാർത്ഥന
ആഘോഷമായ പൊന്തിഫിക്കൽ കുർബാന
(വി. സമൂഹബലി)

11 a.m. : അനുസ്മരണ പ്രഭാഷണം

11.30 a.m. : കബറിങ്കൽ ധൂപപ്രാർത്ഥന
നേർച്ച ഊണ്

# അമലഗിരി വാർത്തകൾ

**തീർത്ഥാടന പദയാത്ര**

പുനരൈക്യ ശില്പി ഭാഗ്യസ്മരണാർഹനായ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ 61-ാം ഓർമ്മ തിരുന്നാളിനോടനുബന്ധിച്ച് പിതാവിന്റെ കബറിങ്കലേക്കുള്ള തീർത്ഥാടന പദയാത്ര എം. സി.വൈ.എം. ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ 09 ജൂലൈ 2014-ന് പിതാവിന്റെ ജന്മഗൃഹമായ പുതിയകാവ് പണിക്കർ വീട്ടിൽ നിന്ന് ആരംഭിക്കുന്നു. ജൂലൈ 14-ന് വൈകിട്ട് 6.14-ന് പിതാവിന്റെ കബറിടത്തിൽ എത്തിച്ചേരുന്നു. തീർത്ഥാടന പദയാത്ര അഭിവന്ദ്യ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിലുള്ള വി. കുർബാനയോടു കൂടി സമാരംഭിക്കുന്നു.

**ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ കബറിടം തുറന്നു**

മലങ്കര പുനരൈക്യ പ്രസ്ഥാനത്തിന്റെ ശില്പിയും തിരുവനന്തപുരം അതിരൂപതയുടെ പ്രഥമ മെത്രാപ്പോലീത്തായുമായ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ നാമകരണ നടപടികളുടെ ഭാഗമായി പിതാവിന്റെ കബറിടം തുറന്നു കാനോനിക പരിശോധന നടത്തി. പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ സ്ഥിതി ചെയ്യുന്ന കബറിടം 21 അംഗങ്ങളുടെ വിദഗ്ധ സമിതിയാണ് തുറന്നു പരിശോധിച്ചത്. അന്ന് രാവിലെ 6.30 ന് മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ മാർ ബസേലിയോസ് ക്ലീമ്മീസ് കാതോലിക്കാ ബാവായുടെ മുഖ്യ കാർമ്മികത്വത്തിൽ സഭയുടെ എല്ലാ മെത്രാപ്പോലീത്താമാരും ചേർന്ന് അർപ്പിച്ച സമൂഹബലിയോടെയാണ് ചടങ്ങുകൾ ആരംഭിച്ചത്. നിശ്ചയിച്ചതിൽ നിന്ന് ഒരു മണിക്കൂറുകൾ മുമ്പേ പരിശോധ നടപടികൾ പൂർത്തിയാക്കി ഭൗതിക തിരുശേഷിപ്പ് അംശവസ്ത്രങ്ങൾ പൊതിഞ്ഞ് പ്രത്യേക പേടകത്തിലാക്കി കത്തീഡ്രലിലേക്ക് സംവഹിക്കുമ്പോൾ സെന്റ് മേരീസ് അങ്കണം വിശ്വാസികളെക്കൊണ്ട് നിറഞ്ഞിരുന്നു. ഭൗതിക ശേഷിപ്പ് ദർശിക്കാൻ ആയിരങ്ങളാണ് മണിക്കൂറുകൾ കാത്തുനിന്നത്.

ഭൗതികശേഷിപ്പ് പൊതുദർശനത്തിന് വച്ച നിമിഷം മുഴുവൻ പ്രാർത്ഥനാമുഖരിതമായി. ഗീതങ്ങളും സങ്കീർത്തനങ്ങളുമായി ഗായകസംഘം പ്രാർത്ഥനാശുശ്രൂഷകൾ ആലപിച്ചപ്പോൾ വിശ്വാസസമൂഹം അതേറ്റുപാടിക്കൊണ്ട് അച്ചടക്കത്തോട് പുണ്യപിതാവിന്റെ ഭൗതികശേഷിപ്പ് ദർശിച്ച് സായൂജ്യമടയാൻ കാത്തുനിന്നു. സഭയിലെ മെത്രാപ്പോലീത്താമാരായിരുന്നു തിരുശേഷിപ്പ് അടങ്ങിയ പേടകം ദേവാലയത്തിലേക്കും തിരികെ കബറിലേക്കും സംവഹിച്ചത്.

**പ്രാർത്ഥനാശംസകൾ**

തലശ്ശേരി രൂപതാംഗവും പ്രമുഖ മദ്യവിരുദ്ധ പ്രവർത്തകനു

മായ ബഹു. തോമസ് തൈത്തോട്ടം അച്ചന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലി സ്മാരക പുരസ്കാരം അഭിവന്ദ്യ പിതാവിന് ലഭിച്ചു. 28 ജൂൺ 2014-ൽ ചമ്പക്കുളത്ത് നടന്ന അവാർഡ് ദാന സമ്മേളനം കേരള ധനകാര്യവകുപ്പ് മന്ത്രി ശ്രീ. കെ.എം. മാണി ഉദ്ഘാടനം ചെയ്തു. കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. വി.എം. സുധീരന്റെ സാന്നിദ്ധ്യത്തിൽ തിരുവല്ല ആർച്ച് ബിഷപ്പ് വന്ദ്യ കൂറിലോസ് പിതാവ് പുരസ്കാരം നല്കി. പ്രഥമ തോമസ് തൈത്തോട്ടം പുരസ്കാരം ലഭിച്ച വന്ദ്യ പിതാവിന് ഭദ്രാസന മക്കളുടെ ആശംസകൾ.

**ഉന്നത വിദ്യാഭ്യാസ സമിതി**

ഭദ്രാസനത്തിലെ വിദ്യാലങ്ങളെയും വിദ്യാഭ്യാസ ശുശ്രൂഷയും വിലയിരുത്തുവാനും നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുള്ള ഉന്നത വിദ്യാഭ്യാസ സമിതി 07 ജൂലൈ 2014 വൈകിട്ട് 6-ന് അമലഗിരി അരമനയിൽ സമ്മേളിക്കുന്നു.

**ക്ലർജി ഹോം**

നിർമ്മാണത്തിലിരിക്കുന്ന ജോൺ വിയാനി ക്ലർജി ഹോമിന്റെ നിർമ്മാണ ഘട്ടങ്ങളെക്കുറിച്ചുള്ള അവലോകനത്തിനായി പ്രോവിഡന്റ് ഫണ്ടിന്റെ എക്സിക്യൂട്ടീവ് മീറ്റിംഗ് 07 ജൂലൈ വൈകിട്ട് 7.00ന് അമലഗിരി അരമനയിൽ കൂടുന്നു.

**അഭിനന്ദനങ്ങൾ**

ഭദ്രാസന പാസ്റ്ററൽ കൗൺസിലിന്റെ പുതിയ സെക്രട്ടറിയായി വീണ്ടും തെരഞ്ഞെടുക്കപ്പെട്ട ശ്രീ. സജി ജോൺ പായിക്കാട്ടേത്തിന് ഭാവുകാശംസകൾ.

**ഫാ. വർഗ്ഗീസ് വള്ളിക്കാട്ട്**

കേരള കത്തോലിക്കാ മെത്രാൻ സമിതി (കെ.സി.ബി.സി.) യുടെ ഡെപ്യൂട്ടി സെക്രട്ടറി ജനറലും ഔദ്യോഗിക വക്താവും, കേരള കത്തോലിക്കാ സഭയുടെ പൊതു അജപാലന കേന്ദ്രമായ പി.ഒ.സി. യുടെ ഡയറക്ടറുമായി ഫാ. വർഗീസ് വള്ളിക്കാട്ട് കെ.സി.ബി.സി. സെക്രട്ടറി ജനറൽ അഭിവന്ദ്യ പിതാവ് ജോസഫ് കരിയിൽ പിതാവിന്റെ മുമ്പാകെ സത്യപ്രതിജ്ഞ ചെയ്ത് സ്ഥാനമേറ്റു. ചടങ്ങിൽ കെ.സി.ബി.സി.യുടെ മുൻ ഡെപ്യൂട്ടി സെക്രട്ടറി ജനറൽ ഫാ. സ്റ്റീഫൻ ആലത്തറ സന്നിഹിതനായിരുന്നു. പി.ഒ.സിയുടെ പത്താമത്തെ ഡയറക്ടറാണ് തിരുവല്ല അതിരുപതാംഗമായ ഫാ. വർഗീസ് വള്ളിക്കാട്ട്. തിരുവല്ല അതിരൂപത സോഷ്യൽ സർവീസ് സൊസൈറ്റി ഡയറക്ടർ, മതബോധന വിഭാഗം ഡയറക്ടർ, പുഷ്പഗിരി മെഡിക്കൽ കോളേജ് അഡ്മിനിസ്ട്രേറ്റർ, തോട്ടഭാഗം, പെരിങ്ങര, പിറവം, ഓണക്കൂർ, തിരുവൻകൂർ, ആനപ്രമ്പാൽ എന്നീ ഇടവകകളിൽ വികാരി എന്നീ നിലകളിൽ അച്ചൻ സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

സാമൂഹികശാസ്ത്രത്തിൽ ബിരുദാനന്തരബിരുദവും, ഹെൽത്ത് സർവീസ് മാനേജ്മെന്റിൽ എം.ബി.എ.യും അമേരിക്കയിലെ ഡിട്രോയിറ്റിലുള്ള സേക്രഡ് ഹാർട്സ് സർവകലാശാലയിൽ നിന്ന് ദൈവശാസ്ത്രത്തിൽ ബിരുദാനന്തരബിരുദവും കരസ്ഥമാക്കിയിട്ടുണ്ട്. മലങ്കര കത്തോലിക്കാസഭയുടെ മതബോധനം, ദൈവശാസ്ത്രം, ചരിത്രം എന്നീ സിനഡൽ കമ്മീഷനുകളിൽ അംഗമായിരുന്നു. ബഹുമാനപ്പെട്ട അച്ചന് പ്രാർത്ഥനാശംസകൾ

**PASTORAL COUNCIL MEMBERS 2014**

**ELECTED MEMBERS**

**CHENGANNUR**

01) Jiji Joseph Punthala
02) David Chacko Elanjimel
03) Saramma Benny Elanjimel

**KADAMPANADU**

01) Thomaskutty Parakuttam
02) Jose Mathew Kadampanadu
03) Sherly Mathew,  Karumthottuva

**KOLLAM**

01) Sunil Mathew Kadapakada
02) Deepu Perumpuzha
03) Mrs. Lillykutty Kalluvathukal.

**MAVELIKARA**

01) Saji John Paickatteth, Karimulackal
02) Dr. John T Abraham, Kayamkulam
03) Antony Plathara, Puthiyacavu
04) Mrs. Leelamma Thiruvalil, Punnammodu
05) Mrs. Jaseentha John, Kattanam

**PUTHOOR**

01) Mr. K.O Raju Kadakampallil, Puthoor
02) C.P James Puthenpurayil, Pallickavila
03) Mrs. Jolly Lawrence, Marnad

## മാർ ഈവാനിയോസ് മൈനർ സെമിനാരി

ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ നാമകരണ പ്രക്രീയയുടെ ഭാഗമായി തിരുവനന്തപുരം കത്തീഡ്രൽ ദൈവാലയത്തിൽ പൊതുദർശനത്തിനു വെയ്ക്കപ്പെട്ട ഭൗതിക ശരീരം മാർ

ഈവാനിയോസ് മൈനർ സെമിനാരിയിൽ നിന്നും വൈദികരും വൈദിക വിദ്യാർത്ഥികളും സന്ദർശിച്ച് അനുഗ്രഹം പ്രാപിച്ചു.

# പ്രബോധന

**വിശ്വാസപരിശീലന ദിനം**

2014 ഓഗസ്റ്റ് 3 ഞായർ വിശ്വാസ പരിശീലനദിനമായി ആചരിക്കുകയാണല്ലോ. അന്നേ ദിവസം കുട്ടികൾക്കുവേണ്ടി വി. കുർബാന, കുട്ടികളുടെ നേതൃത്വത്തിലുള്ള ഭവനസന്ദർശനം, മീറ്റിംഗ്, കവർ കളക്ഷൻ എന്നിവ ഇതോടനുബന്ധിച്ച് ക്രമീകരിക്കുന്നതിന് ബഹു. വികാരിയച്ചന്മാരും ഹെഡ്മാസ്റ്റർമാരും, അദ്ധ്യാപകരും ശ്രദ്ധിക്കുമല്ലോ.

ദിനാചരണത്തിന്റെ റിപ്പോർട്ട്, കവർ കളക്ഷനിലൂടെ ലഭിച്ച സംഭാവന എന്നിവ 2014 ഓഗസ്റ്റ് 15-നകം കേന്ദ്ര ഓഫീസിലേക്ക് അയച്ചു തരേണ്ടതാണ്. കവറുകൾ ജൂലൈ 30-ന് മുമ്പായി ജില്ലാ കേന്ദ്രങ്ങളിൽ എത്തിക്കുന്നതാണ്.

# എം.സി.വൈ.എം.

**ദൈവദാസൻ മാർ ഈവാനിയോസ് പദയാത്ര**

പുനരൈക്യ ശില്പിയും സഭൈക്യ പ്രവാചകനും ഭാഗ്യസ്മരണാർഹനുമായ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ 61-ാമത് ഓർമ്മപെരുന്നാളിനോടനുബന്ധിച്ച് പിതാവിന്റെ കബറിടത്തിലേക്ക് മാവേലിക്കര ഭദ്രാസനത്തിന്റെ പദയാത്ര MCYM നേതൃത്വത്തിൽ സഭയ്ക്കും സമൂഹത്തിനും ആത്മീയ ഉണർവും ചൈതന്യവും പ്രദാനം ചെയ്തുകൊണ്ട് 2014 ജൂലൈ 9-ന് പിതാവിന്റെ ജന്മഗൃഹമായ പുതിയകാവ് പണിക്കരുവീട്ടിൽ നിന്ന് ആരംഭിച്ച് ഭദ്രാസനത്തിലെ വിവിധ ഇടവകകൾ സന്ദർശിച്ച് ദേശീയപാത വഴി പട്ടം കത്തീഡ്രലിൽ എത്തിച്ചേരുന്നതാണ്.

8-ാം തീയതി പുതിയകാവ് മലങ്കര കത്തോലിക്കാ ദേവാലയത്തിൽ വൈകിട്ട് 6 മണിക്ക് ചെങ്ങന്നൂർ വൈദിക ജില്ലയുടെ ആഭിമുഖ്യത്തിലുള്ള പദയാത്രയെ സ്വീകരിക്കുന്നു. മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവിന്റെ നേതൃത്വത്തിൽ സന്ധ്യാപ്രാർത്ഥനയും മാർ ഈവാനിയോസ് അനുസ്മരണ പ്രഭാഷണവും നടത്തപ്പെടുന്നു.

പാവനചരിതനും പുണ്യശ്ലോകനുമായ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ ജീവിതദർശനങ്ങൾ ഉൾക്കൊള്ളുന്നതിനോടൊപ്പം, ആ പുണ്യതാതന്റെ വിശുദ്ധിയുടെ പരിമളവും സ്നേഹത്തിന്റെ ഊഷ്മളതയും എല്ലാ ജനപദങ്ങൾക്കും അനുഭവവേദ്യമാക്കുക എന്നതാണ് ഈ തീർത്ഥാടന പദയാത്രയുടെ ലക്ഷ്യം. ഈ പുണ്യതീർത്ഥാടനത്തിൽ പങ്കുചേർന്ന് അനുഗ്രഹം പ്രാപിക്കുവാനും ആത്മീയ ചൈതന്യം ഉൾക്കൊള്ളുവാനും ഏവരേയും പ്രാർത്ഥനാപൂർവം ക്ഷണിക്കുന്നു.

**ജൂലൈ 9 ബുധൻ:** രാവിലെ 6.00 ന് പ്രഭാതപ്രാർത്ഥന, വി.കുർബാന (മലങ്കര കത്തോലിക്കാപ്പള്ളി, പുതിയകാവ്), പ്രഭാതഭക്ഷണം, ധൂപപ്രാർത്ഥന (പിതാവിന്റെ ജന്മഗൃഹം). 7.30 ന് പദയാത്ര ഉദ്ഘാടനം അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്ത നിർവ്വഹിക്കും. കല്ലുമല, കുറത്തികാട്, കറ്റാനം, കരിമുളയ്ക്കൽ, ചാരുംമൂട് (ഉച്ചഭക്ഷണം), നൂറനാട്, പഴകുളം (വിശ്രമം)

**ജൂലൈ 10 വ്യാഴം:** രാവിലെ 6.30 ന് വി.കുർബാന (മലങ്കര കത്തോലിക്കാപ്പള്ളി, പഴകുളം), പെരിങ്ങനാട് (പ്രഭാതഭക്ഷണം), തുവയൂർ, മണ്ണാറോഡ്, കടമ്പനാട് (ഉച്ചഭക്ഷണം), നെടിയവിള, പുത്തൂർ (വിശ്രമം).

**ജൂലൈ 11 വെള്ളി:** രാവിലെ 6.30 ന് വി.കുർബാന (മലങ്കര കത്തോലിക്കാപ്പള്ളി, പുത്തൂർ), കാരിക്കൽ (പ്രഭാതഭക്ഷണം), കൈതക്കോട്, കാരുവേലിൽ, മരുതൂർ, മുളവന (ഉച്ചഭക്ഷണം), ചൊവ്വല്ലൂർ, നല്ലില (വിശ്രമം).

(പുനരൈക്യത്തിന്റെ പിള്ളത്തൊട്ടിലായ തങ്കശ്ശേരി അരമനയിൽ നിന്നും ആരംഭിക്കുന്ന MCYM കൊല്ലം വൈദിക ജില്ലയുടെ പദയാത്ര നല്ലിലയിൽ പ്രധാന സംഘത്തോടു സംഗമിക്കുന്നു).

**ജൂലൈ 12 ശനി:** രാവിലെ 6.00 ന് വി.കുർബാന (മലങ്കര കത്തോലിക്കാപ്പള്ളി, നല്ലില), പുലിയില, പള്ളിമൺ (പ്രഭാതഭക്ഷണം), കൊട്ടറ, പൂയപ്പള്ളി, ചെങ്കുളം (ഉച്ചഭക്ഷണം), ഇടനാട്, കല്ലുവാതുക്കൽ (വിശ്രമം).

**ജൂലൈ 13 ഞായർ:** രാവിലെ 6.30 ന് വി.കുർബാന (മലങ്കര കത്തോലിക്കാപ്പള്ളി, കല്ലുവാതുക്കൽ) പ്രഭാതഭക്ഷണം, ആറ്റിങ്ങൽ (ഉച്ചഭക്ഷണം), മംഗലപുരം ബോയ്സ് ഹോം (വിശ്രമം).

**ജൂലൈ 14 തിങ്കൾ:** രാവിലെ 6.30 ന് വി.കുർബാന (മലങ്കര കത്തോലിക്കാപ്പള്ളി, മംഗലപുരം) പ്രഭാതഭക്ഷണം, പള്ളിപ്പുറം, കാര്യവട്ടം (ഉച്ചഭക്ഷണം). പോങ്ങുംമൂട് ഡി.എം. കോൺവന്റ്

വൈകിട്ട് 6.30 ന് പട്ടം കത്തീഡ്രൽ. സന്ധ്യാപ്രാർത്ഥന,

ധൂപപ്രാർത്ഥന, അഖണ്ഡപ്രാർത്ഥന, വിശ്രമം

**ജൂലൈ 15 ചൊവ്വ:** രാവിലെ 8.00 ന് പ്രഭാതപ്രാർത്ഥന, വി.കുർബാന, അനുസ്മരണ സമ്മേളനം, ധൂപപ്രാർത്ഥന.

## ചേതന

### പരിസ്ഥിതി ദിനാചരണം

ആലപ്പുഴ ജില്ലാ സാമൂഹിക വനവൽക്കരണ വിഭാഗവും കായംകുളം ചേതനയും എം.സി.വൈ.എം. മാവേലിക്കര, ചെങ്ങന്നൂർ വൈദിക ജില്ലയും സംയുക്തമായി സംഘടിപ്പിച്ച ഹരിതശ്രീ പദ്ധതിയുടെ ഉദ്ഘാടനം ജൂൺ 5-ന് ചേതനയുടെ ഓഫീസ് അങ്കണത്തിൽ നടത്തപ്പെട്ടു.

14,000 വിവിധയിനം വൃക്ഷതൈകൾ 39 ഇടവകകളിലും 10 യൂണിറ്റുകളിലുമായി നട്ടുപിടിപ്പിക്കുകയും വിതരണം ചെയ്യുകയും ചെയ്തു. മാവേലിക്കര വൈദികജില്ലയിൽ പദ്ധതി ഉദ്ഘാടനം വന്ദ്യ ജോൺ പുത്തൻവിളയിൽ കോർ എപ്പിസ്കോപ്പാ നിർവഹിച്ചു. ചെങ്ങന്നൂർ വൈദികജില്ലയിൽ കവിയിത്രി സരോജിനി ഉണ്ണിത്താൻ, വെൺമണി എസ്.ഐ. എച്ച്. അനിൽകുമാർ, കായംകുളം നഗരസഭ കൗൺസിലർ കെ. പുഷ്പദാസ്, നെൽസൺ ഗോമസ് വിവിധ സാമൂഹിക സാംസ്കാരിക പ്രവർത്തകർ, ഇടവക വൈദികർ, ഡയറക്ടർമാർ തുടങ്ങിയവർ ഈ പദ്ധതിയിൽ പങ്കാളികളായി. ഈ പദ്ധതിയിൽ ചേതനയോട് സഹകരിച്ച എം.സി.വൈ.എം പ്രവർത്തകർക്ക് നന്ദി രേഖപ്പെടുത്തുന്നു.

### പുതിയ യൂണിറ്റ് ഉദ്ഘാടനം

സാമൂഹികക്ഷേമ പ്രവർത്തനങ്ങളിൽ ചേതനയോടൊപ്പം ഭാഗമാകുന്ന കാരിച്ചാൽ പുതിയ യൂണിറ്റ് ഉദ്ഘാടനം ജൂലൈ 18-ന് കാരിച്ചാൽ സെന്റ് ജോർജ് പള്ളിയിൽ നിർവഹിക്കപ്പെടുന്നു.

### റീജിയണൽ മീറ്റിംഗ്

ചേതനയുടെ ജൂലൈ മാസത്തെ റീജിയണൽ മീറ്റിംഗുകൾ അതാത് മേഖലകളിൽ ജൂലൈ 22 ന് നടത്തപ്പെടുന്നു.

### സ്വാഗതം

പുതിയതായി ചാർജ് എടുത്ത ചെങ്ങന്നൂർ റീജിയണൽ ഡയറക്ടർ ഫാ. ലൂക്കോസ് കന്നിമേൽ, കടമ്പനാട് റീജിയണൽ ഡയറക്ടർ ഫാ. റോബർട്ട് പാലവിള, കൊല്ലം റീജിയണൽ ഡയറക്ടർ ഫാ. ജയിൻ തെങ്ങുവിള എന്നിവർക്ക് ചേതന കുടുംബത്തിലേക്ക് സ്വാഗതം.

### ദേശീയ കുഷ്ഠരോഗ നിവാരണ പദ്ധതിയുടെ പരിശീലനം

ചേതന കൊല്ലം ജില്ലയിൽ നടപ്പിലാക്കുന്ന ദേശീയ കുഷ്ഠരോഗ നിവാരണ പദ്ധതിയുടെ പരിശീലനം 45 ആശാപ്രവർത്തകർക്ക് ജൂൺ 13-ാം തീയതി ചവറ പ്രഥമിക ആരോഗ്യ കേന്ദ്രത്തിൽ വച്ച് നടത്തപ്പെട്ടു. സെന്റ് ജോൺസ് റിട്ട. ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. മോഹൻദാസിന്റെ നേതൃത്വത്തിലുള്ള സംഘം പരിശീലനത്തിന് നേതൃത്വം നൽകി.

ജൂൺ 18-ാം തീയതി പ്രിവൻഷൻ ആന്റ് ഡിഫോർമിറ്റി ക്യാമ്പ് ചവറ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ വച്ച് നടത്തപ്പെട്ടു. റിട്ട. അസിസ്റ്റന്റ് ലെപ്രസി ഓഫീസർ ശ്രീമതി അംബിക നേതൃത്വം നൽകി.

### കെ.എൽ.എം. ക്ഷേമനിധി

കേരള ലേബർ മൂവ്മെന്റ് ക്ഷേമനിധി പദ്ധതിയുടെ അംഗത്വം പുതുക്കുന്നതിനായി ജൂലൈ 1 മുതൽ 1300/- രൂപ ചേതനയുടെ ഓഫീസിൽ അടച്ച് പുതുക്കേണ്ടതാണ്.

### കടമ്പനാട് പഞ്ചായത്തിലെ അംഗീകാരം

2013-14 വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തി കടമ്പനാട് പഞ്ചായത്ത് ചേതനയുടെ കാരുണ്യ തുവയൂർ യൂണിറ്റിന്റെ കൃപാ, പ്രിയദർശിനി എന്നീ സംഘടനകൾക്ക് 25000 രൂപയുടെ റിവോൾവിങ്ങ് ഫണ്ട് നൽകി ആദരിച്ചു. സംഘാംഗങ്ങൾക്ക് ചേതനയുടെ അഭിനന്ദനങ്ങൾ.

### ആദരാഞ്ജലികൾ

ചേതനയുടെ സാമൂഹിക പ്രവർത്തനങ്ങൾക്ക് എല്ലാവിധ സഹകരണവും സഹായവും നൽകി വന്ന സഭയുടെ ഉത്സാഹപുത്രി ചെങ്ങന്നൂർ പ്ലാമൂട്ടിൽ അന്നമ്മ ജോർജ് (കുഞ്ഞുമോൾ) നിര്യാതയായി. മാവേലിക്കര ഭദ്രാസന സാമൂഹികക്ഷേമ വിഭാഗമായ ചേതനയ്ക്ക് മാതാപിതാക്കളുടെ സ്മരണാർത്ഥം മൊബൈൽ മോർച്ചറി യൂണിറ്റും പരേതനായ ഭർത്താവ് ജോർജ്ജിന്റെയും മകൻ മോഹന്റെയും സ്മരണാർത്ഥം ആംബുലൻസും നൽകിയിരുന്നു. ചേതന കുടുംബത്തിന്റെ ആദരാഞ്ജലികൾ.

### ചേതന സഫലം കുടുംബക്ഷേമ പദ്ധതി

ജൂലൈ 26–ാം തീയതി ശനിയാഴ്ച രാവിലെ 10 മുതൽ വൈകിട്ട് 4 വരെ തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും കായംകുളം ചേതനയിൽ വച്ച് 'സഫലം' പദ്ധതിയുടെ ഭാഗമായി ഓറിയന്റേഷൻ ക്ലാസ് ഉണ്ടായിരിക്കുന്നതാണ്. മോൺ. ജോർജ് ചരുവിള കോർ എപ്പിസ്കോപ്പാ സന്ദേശം നൽകുന്നതാണ്.

**കുഷ്ഠരോഗികൾക്ക് സഹായ പദ്ധതി**

ചേതനയുടെ സാമൂഹിക ക്ഷേമപ്രവർത്തനങ്ങളുടെ ഭാഗമായി കൊല്ലം ജില്ലയിലെ 48 കുഷ്ഠ രോഗികളിൽ 12 കുഷ്ഠരോഗികൾക്ക് പ്രതിമാസം 500 രൂപയുടെ മരുന്നും മറ്റ് സഹായവും നൽകുന്നു.

ഈ പദ്ധതിയിലൂടെ കുറേകൂടി രോഗികൾക്ക് സഹായം നൽകുവാൻ ചേതന താല്പര്യപ്പെടുന്നു. പദ്ധതിയുടെ ധനസമാഹരണത്തിനായി സഹായ മനസ്ക്കരായിട്ടുള്ള വ്യക്തികളുടെ പിൻതുണ ആവശ്യമാണ്. പ്രതിമാസം ഒരു രോഗിക്ക് 500 രൂപയും ഒരു വർഷത്തേക്ക് 6000 രൂപയുമാണ് പ്രതീക്ഷിക്കുന്നത്. പദ്ധതിയിലേക്കായി സഹായം നൽകുവാൻ താല്പര്യമുള്ളവർ ചേതനയുടെ ഓഫീസുമായി ബന്ധപ്പെടുക.

## കുടുംബ പ്രേഷിത കാര്യാലയം

**കർമ്മ പദ്ധതി**

മാതൃവേദിയുടെ ആഭിമുഖ്യത്തിൽ 2014 ജൂൺ 28–ന് കടമ്പനാട് ജില്ലയിലെ കടമ്പനാട് സെന്റ് ജോർജ്ജ് മലങ്കര കത്തോലിക്കാ ദേവാലയത്തിൽ വച്ച് കുടുബദിനാചരണം, ആദരിക്കൽ, മാതൃവേദി പതാക, ആന്തം ഉദ്ഘാടനം, മദ്ധ്യസ്ഥപ്രാർത്ഥനാ ഗ്രൂപ്പ് ഉദ്ഘാടനം, കടമ്പനാട് ജില്ലയുടെ കർമ്മപദ്ധതി പ്രകാശനം എന്നിവ നടന്നു. കുടുംബദിനത്തോടനുബന്ധിച്ചുള്ള സെമിനാർ പത്തനംതിട്ട ഭദ്രാസനത്തിലെ പി.ആർ.ഒ. ബെന്നി നാരകത്തിനാൽ അച്ചൻ നയിച്ചു. പൊതുസമ്മേളനം അഭിവന്ദ്യ പിതാവ് ഉദ്ഘാടനം ചെയ്തു. പെരിയ ബഹു. മോൺ. ജോർജ് ചരുവിള കോർ എപ്പിസ്ക്കോപ്പായെയും പെരിയ ബഹു. ജോസ് കടകംപള്ളിൽ കോർ എപ്പിസ്കോപ്പായെയും വന്ദ്യ ഡാനിയേൽ കൊച്ചുവിള റമ്പാച്ചനേയും സമ്മേളനത്തിൽ ഭദ്രാസന മാതൃവേദി അനുമോദിച്ചു. മക്കൾ ദൈവത്തിന്റെ ദാനമാണ് എന്ന ബോധ്യത്തിൽ നാലും അതിലധികവും മക്കളെ സഭയ്ക്കും സമൂഹത്തിനും സമർപ്പിച്ച മാതാപിതാക്കളെയും മോൺ. ജോർജ് ചരുവിള കോർ എപ്പിസ്കോപ്പ സമ്മാനങ്ങൾ നൽകി ആദരിച്ചു.

**ഉദ്ഘാടനം**

മാതൃവേദിയുടെ ചിരകാല സ്വപ്നമായ മാതൃവേദി ആന്തം മാതൃവേദി രക്ഷാധികാരി അഭിവന്ദ്യ പിതാവും, പതാക മോൺ ജോർജ് ചരുവിള കോർ എപ്പിസ്കോപ്പായും ഉദ്ഘാടനം ചെയ്തു. പുത്തൂർ വൈദികജില്ലയിലെ മാതൃവേദിയുടെ മദ്ധ്യസ്ഥപ്രാർത്ഥനാ ഗ്രൂപ്പ് വന്ദ്യ ഡാനിയേൽ കൊച്ചുവിള റമ്പാച്ചനും, കടമ്പനാട് വൈദിക ജില്ലയിലെ മാതൃവേദിയുടെ 2014 വർഷത്തെ കർമ്മപദ്ധതി പ്രകാശനം വന്ദ്യ ജോസ് കടകംപള്ളിൽ കോർ എപ്പിസ്കോപ്പായും നിർവഹിച്ചു.

**വിവാഹ ഒരുക്ക സെമിനാർ**

2014 ജൂലൈ 04, 05, 06 തീയതികളിലും ആഗസ്റ്റ് 08, 09, 10 തീയതികളിലും പഴകുളം പാസ്സിൽ വച്ച് വിവാഹ ഒരുക്ക സെമിനാർ നടത്തപ്പെടും.

## ദളിത് ക്ഷേമ കാര്യാലയം

ദളിത് കാത്തലിക് മഹജന സഭ ഭദ്രാസന കാര്യാലയത്തിന്റെ ആഭിമുഖ്യത്തിൽ പഠനോപകരണങ്ങളുടെ വിതരണവും നവബോധന പരിശീലന പുസ്തകങ്ങളുടെ വിതരണവും നടത്തപ്പെടുന്നു. ഇതിന്റെ ഭാഗമായി 2014 ജൂൺ 21–ാം തീയതി ഞായറാഴ്ച വൈകിട്ട് 5.00 മണിക്ക് അന്തിച്ചിറ മലങ്കര കത്തോലിക്കാ ദേവാലയത്തിൽ വച്ച് നടന്ന സമ്മേളനത്തിൽ ഇടവക വികാരി ഫാ. റോബർട്ട് പാലവിള പഠനോപകരണങ്ങളുടെ വിതരണം നടത്തി. അന്തിച്ചിറയിൽ പ്രവർത്തിക്കുന്ന സ്കൂളിലേക്കുള്ള പഠനോപകരണങ്ങളുടെ വിതരണം ഡയറക്ടർ നിർവ്വഹിച്ചു. സി. ലെയോണി, ശ്രീമതി ചിന്നമ്മ തുടങ്ങിയവർ പ്രസംഗിച്ചു. ഈ പദ്ധതിയുടെ ഭാഗമായി പവിത്രേശ്വരം, കൊല്ലകടവ് ദേവാലയങ്ങളിൽ പഠനോപകരണങ്ങൾ വിതരണം ചെയ്തു.

# മലങ്കര കാത്തലിക് അസോസിയേഷൻ

**6-ാമത് മാർ ബസേലിയോസ് മെമ്മോറിയൽ ബൈബിൾ ക്വിസ്**

സ്ഥലം: തുവയൂർ ഇൻഫന്റ് ജീസസ് സ്കൂൾ.

തീയതി : 2014 ജൂലൈ 27. സമയം 60 മിനിറ്റ്.

വിഷയം: 1 ലേവ്യർ 15-27, ലൂക്കാ 13-24, യോഹ. 2, 3 ലേഖനങ്ങൾ 60%, സിറിൽ ബസേലിയോസ് കാതോലിക്കാ ബാവയുടെ ജീവചരിത്രം 20%, കേരള സഭാചരിത്രം 10%, പൊതുവിജ്ഞാനം 10%.

നിബന്ധന: ഒരു ഇടവകയിൽ രണ്ട് ടീമിന് പങ്കെടുക്കാം. ഒരു ടീം രണ്ട് / മൂന്നു പേർ. പ്രായപരിധിയില്ല. ഫീസ് 50 രൂപ.

**4-ാമത് മാർ ഈവാനിയോസ് അനുസ്മരണ ക്വിസ് മത്സരം**

കുട്ടികൾക്കുവേണ്ടിയുള്ള രണ്ടാമത് മാർ ഈവാനിയോസ് ക്വിസ് മത്സരം 2014 ജൂലൈ 20-ന് ജില്ലാ കേന്ദ്രങ്ങളിൽ. സമയം: 2 മണി. ക്വിസ് മത്സരം രണ്ട് വിഭാഗങ്ങളായാണ് സംഘടിപ്പിക്കുന്നത്. 14 വയസ്സ് വരെയുള്ള കുട്ടികൾ എ വിഭാഗവും, 15 മുതൽ 18 വയസ് വരെയുള്ള കുട്ടികൾ ബി വിഭാഗവുമാണ്. ഓരോ വിഭാഗത്തിനും ഓരോ ഇടവകയിൽ നിന്നും രണ്ട് പേർ വീതമുള്ള പ്രത്യേകം പ്രത്യേകം ടീമുകളെ പങ്കെടുപ്പിക്കണം. ക്വിസ് മത്സരം ഒരു ടീമിന് രജിസ്ട്രേഷൻ ഫീസ് 30 രൂപ.

**ഉപന്യാസ മത്സരം**

18 വയസ്സിനു മുകളിലുള്ളവർക്ക് ഉപന്യാസ മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്. ഉപന്യാസത്തിന് രജിസ്ട്രേഷൻ ഫീസ് ഒരാൾക്ക് 20 രൂപ.

**ക്വിസ് മത്സര വിഷയം:** ഇഞ്ചക്കലോടിയച്ചൻ എഴുതിയ മാർ ഈവാനിയോസ് പിതാവിന്റെ ജീവചരിത്രം ഒന്നും രണ്ടും വാല്യങ്ങളിൽ നിന്നുള്ള ചോദ്യങ്ങളായിരിക്കും.

**ഉപന്യാസ മത്സര വിഷയം:** 1. മാർ ഈവാനിയോസ് പിതാവിന്റെ സഭാത്മ ജീവിതവും സന്ന്യാസ ദർശനവും. 2. മാർ ഈവാനിയോസ് പിതാവിന്റെ സാമൂഹിക പ്രതിബദ്ധത. 3. മാർ ഈവാനിയോസ് പിതാവിന്റെ ജീവിത വിശുദ്ധി.

കാതോലിക്കാ ബാവാ ഭവനനിർമ്മാണ സഹായ ഫണ്ടിന്റെ കൂപ്പൺ വിതരണം ചെയ്ത് അതിന്റെ തുക, 2014 അത്മായദിന കാണിക്ക എന്നിവ ജൂലൈ 20-ന് മുമ്പ് ജില്ലാ കേന്ദ്രത്തിൽ എത്തിക്കണം.

# കെ.സി.എസ്.എൽ

ഒരു പുതിയ അദ്ധ്യായന വർഷത്തിന്റെ എല്ലാ നന്മകളും പ്രാർത്ഥനാപൂർവ്വം നേരുന്നു. 2014-15 അദ്ധ്യയന വർഷത്തെ മാവേലിക്കര ഭദ്രാസന കെ.സി.എസ്.എൽ. പ്രവർത്തനങ്ങൾ എല്ലാ യൂണിറ്റുകളിലും ജൂലൈ മാസം 10-ന് ഉദ്ഘാടനം ചെയ്യേണ്ടതാണ്. യൂണിറ്റ് പ്രവർത്തനങ്ങൾ സജീവമാക്കുന്നതിനാവശ്യമായ മാർഗ്ഗരേഖ എല്ലാ യൂണിറ്റുകളിലും എത്തിക്കുന്നതാണ്. പാഠ പുസ്തകങ്ങൾ ആവശ്യമുള്ളവർ ജൂലൈ 2-ന് മുമ്പ് ഡയറക്ടർ അച്ചനെയോ ആനിമേറ്ററിനെയോ ബന്ധപ്പെടേണ്ടതാണ്.

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

കഴിഞ്ഞ 6 വർഷക്കാലം മാവേലിക്കര ഭദ്രാസനത്തിലെ വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ സെൻട്രൽ കൗൺസിൽ പ്രസിഡന്റായി സേവനം അനുഷ്ഠിച്ചിരുന്ന ബ്രദർ കെ.എസ്. കുര്യാക്കോസിന് യാത്രയയപ്പും, പുതിയ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട ബ്രദർ ജോസ് മാത്യൂവിന്റെ സത്യപ്രതിജ്ഞയും ജൂലൈ മാസം 6-ാം തീയതി ഞായറാഴ്ച ഉച്ചയ്ക്ക് 1 മണിക്കു പുന്നമൂട് കത്തീഡ്രൽ ദേവാലയത്തിൽ വച്ച് വിവിധ പരിപാടികളോടെ നടത്തുന്നതാണ്. കേരളാ റീജിയണൽ കോ-ഓർഡിനേറ്റർ ബ്രദർ ഇ.എം. ഗീവർഗീസ് അദ്ധ്യക്ഷത വഹിക്കുന്ന യോഗം ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്യുന്നതാണ്. 2013-14 വർഷത്തെ വിദ്യാഭ്യാസ സ്കോളർഷിപ്പിന്റെ വിതരണം അഭിവന്ദ്യ പിതാവ് നിർവ്വഹിക്കുന്നതാണ്. വിൻസന്റ് ഡി പോൾ സൊസൈറ്റിയുടെ മാവേലിക്കര രൂപതയിലെ എല്ലാ അംഗങ്ങളും പ്രസ്തുത യോഗത്തിൽ സംബന്ധിക്കേണ്ടതാണ്.

## പരിശുദ്ധ പിതാവിന്റെ പ്രാർത്ഥനാ നിയോഗങ്ങൾ

2014 ജൂലൈ

**പൊതുനിയോഗം:** കായികരംഗം - കായികമത്സരങ്ങൾ വിശ്വാസ സാഹോദര്യത്തിനും മാനവപുരോഗതിക്കും വേണ്ടിയുള്ള അവസരങ്ങളായിത്തീരുന്നതിന്.

**പ്രേഷിത നിയോഗം:** അല്മയ മിഷണറിമാർക്ക് - ദരിദ്ര രാജ്യങ്ങളിൽ സുവിശേഷ പ്രഘോഷണം നടത്തുന്ന അല്മായ മിഷണറിമാർക്ക് പരിശുദ്ധാത്മാവിന്റെ കൃപയും അനുഗ്രഹവും സമൃദ്ധമായി ലഭിക്കുന്നതിന്.

## ആദരാഞ്ജലികൾ...

28 - വി. അൽഫോൻസ

29 - ബഥനിയിലെ മർത്തായും മറിയവും ലാസറും

31 - ലയോളയിലെ വി. ഇഗ്നാത്തിയോസ്

**സി.കെ. കോരുത് ചക്കാലമണ്ണിൽ (86)**

ബഹുമാനപ്പെട്ട കോശി ചക്കാലമണ്ണിൽ അച്ചന്റെ ജ്യേഷ്ഠ സഹോദരൻ തുമ്പമൺ രാമഞ്ചിറ ഇടവകയിൽ **ശ്രീ. സി.കെ. കോരുത്** 12 ജൂൺ 2014-ൽ നിര്യാതനായി. ശവസംസ്ക്കാരം 15 ജൂൺ 2014-ൽ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം പിതാവിന്റെ കാർമ്മികത്വത്തിൽ നടന്നു. പുനരൈക്യപ്രസ്ഥാനത്തിന്റെ ആദ്യകാല പ്രവർത്തകനായ പരേതന് ഭദ്രാസനത്തിന്റെ സ്നേഹാജ്ഞലി.

**അന്നമ്മ ജോർജ്ജ് (കുഞ്ഞുമോൾ - 78)**

മാവേലിക്കര ഭദ്രാസനത്തിലെ ഉത്സാഹിയായ പുത്രിയും ചെങ്ങന്നൂർ ഇടവകാംഗവുമായ പ്ലാമൂട്ടിൽ **അന്നമ്മ ജോർജ്ജ്** (78) 18 ജൂൺ 2014-ൽ നിര്യാതയായി. ഭദ്രാസന പാസ്റ്ററൽ കൗൺസിലർ അംഗമായിരുന്നു. ലീജിയൻ ഓഫ് മേരിയുടെ സജീവ പ്രവർത്തകയായിരുന്നു. ഭദ്രാസനത്തിലെ നിരവധി നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉദാരമായ സാമ്പത്തിക സഹായം നല്കിയിട്ടുണ്ട്. ശവസംസ്ക്കാര ശുശ്രൂഷകൾ 21 ജൂൺ 2014-ൽ പരിശുദ്ധ കാതോലിക്കാ ബാവായുടെ മുഖ്യകാർമ്മികത്വത്തിൽ നടന്നു.സർവ്വതോന്മുഖമായ വളർച്ചയ്ക്ക് ഭദ്രാസനത്തിന്റെ നിസ്തുല സംഭാവനകൾ നല്കിയ വത്സല മാതാവിന് ഭദ്രാസനമക്കളുടെ ആദരാഞ്ജലികൾ...

## സ്മരണീയ ദിനങ്ങൾ

**ജൂലൈ**

03 - മാർത്തോമ്മാ ശ്ലീഹായുടെ ദുക്റോനോ തിരുനാൾ

വികാരിക്കുർബാന

ജോസഫ് മാർ തോമസ് പിതാവിന്റെ നാമഹേതുകതിരുനാൾ

06 - വി. മരിയ ഗൊരേത്തി

07 - പുലിക്കോട്ടിൽ ജോസഫ് റമ്പാന്റെ ഓർമ്മ

11 - വി. ബനഡിക്ട്

13 - മാർ ശീലാസ്

15 - ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ ഓർമ്മ

മാർ കുറിയാക്കോസും മർത്താ യൂലിത്തിയും

16 - കർമ്മലമാതാവ്

17 - തോമസ് മാർ കൂറിലോസ് പിതാവിന്റെ മെത്രാഭിഷേക വാർഷികം

19 - വി. മക്രീന

20 - ഏലിയാ നിബിയാ

22 - വി. മഗ്ദലേന മറിയം

23 - എസക്കിയേൽ നിബിയാ

## *Let us Remember, Congratulate and Pray…*

**JULY**

**Birthday**

| | | |
|---|---|---|
| Fr. Thomas Panicker P. G | - | July 04 |
| Fr. Philip Chempakasseril | - | July 24 |

| | | |
|---|---|---|
| Fr. Immanuel Punthalavila | - | July 25 |
| Rt. Rev. John Puthenvilayil Corepiscopo | - | July 27 |
| Fr. Jose Kadakampallil | - | July 27 |

**Feast Day**

| | | |
|---|---|---|
| Fr. Thomas Panicker Kattanam | - | July 03 |
| Fr. Thomas Panicker P.G | - | July 03 |
| Fr. Thomas Cherupushpabhavan | - | July 03 |
| Fr. Oommen Padipurackal | - | July 03 |
| Fr. Kaleb Cheruvallil | - | July 03 |
| Fr. Thomas Puthenparampil | - | July 03 |
| Fr. Benedict Perumuttathu | - | July 11 |
| Fr. Kuriakose Thiruvalil | - | July 15 |
| Fr. Jacob Kizhakkumkara | - | July 25 |
| Fr. Vijayanand Edayilaveettil | - | July 25 |
| Fr. George Berthalomeo | - | July 25 |
| Fr. John Jacob Vadakkethil | - | July 25 |

# Programme Diary of His Grace

| Date | Venue / Function | Time |
|---|---|---|
| 01 | Chethana | 09.30 AM |
| 02 | Corepiscopo, Remban Installation/ Bathery | |
| 03 | Chengannur | 07.00 AM |
| | Kottayam | 02.00 PM |
| | Thottapally | 04.00 PM |
| 04 | Catholicate Centre-Pattom/ Synodal Commission for Social Action | 10.00 AM |
| 05 | Pattom Cathedral | 08.00 AM |
| | Trivandrum/ KCBC Commission for Harmony | 03.00 PM |
| 06 | Ampalthumkala | 09.00 AM |
| | Mavelikara Cathedral/ Vincent De Paul | 02.00 PM |
| 07 | Elamad | 11.00 AM |
| | Education Meet | 06.00 PM |
| | PF Meet | 07.00 PM |
| 08 | Chethipuzha | 10.00 AM |
| | Chengannur/ Padayathra | 02.00 PM |
| | Kunnam-Mavelikara/ Padayathra | 05.30 PM |
| 09 | Puthiyacavu/ Padayathra | 06.00 AM |
| 10 | Corepiscopo Installation/ Puttur | |
| 11 | Kollam/ Padayathra | 08.00 AM |
| | Nallila/ Padayathra | 06.00 PM |
| 12 | Nallila/ Padayathra | 06.30 AM |
| | Narickal | 09.30 AM |
| | Pattom Cathedral | 05.30 PM |

| | | |
|---|---|---|
| 13 | Kalluvathukal/ Padayathra | 06.30 AM |
| | Odanavattom | 02.30 PM |
| 14 | Karammoodu/ Padayathra | 06.30 AM |
| | Narickal | 11.00 AM |
| | Pattom Cathedral | 05.30 PM |
| 15 | Pattom Cathedral | 08.30 AM |
| | Malankara major Seminary/ Malankara Gulf Meet | 04.00 PM |
| 16-18 | Bangalore/ CBCI Standing Committee | |
| 19 | Madras | |
| 20 | Kallumala | 07.00 AM |
| 21-24 | Kunnoth/ Major Seminary Retreat | |
| 25 | Ramanchira | 09.30 AM |
| | Karichal | 03.00 PM |
| | Amalagiri/ Mathai Vilanilam Trust Meet | 05.00 PM |
| 26 | Pala/ Alphonsa Church | 11.00 AM |
| 28 - Aug 02 | Guwhaty/ Diocesan Annual Retreat | |

**AUGUST**

| | | |
|---|---|---|
| 03 | Pathanapuram | 03.00 PM |
| 04 | Villoor | 03.00 PM |
| 05 | POC/ KCBC | |
| 06-08 | Bangalore/ CBCI Standing Committee Meet | |